# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുതുകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-4/1158/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 19/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുതുകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-4/1158/2021 തീയ്യതി: 19/03/2022

## ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2019 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 01-12-2021 | 17-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-12-2021 | 17-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സാബു പി, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്).
ശ്രീമതി. ബീന എ.ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
ശ്രീമതി. ശ്രീദേവി ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ.
ശ്രീമതി. ലേഖ പി.കെ, ഓഡിറ്റർ.

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ജെ. ദാസൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ലത എൽ | സെക്രട്ടറി | 06-04-2019 | 31-03-2020 |
| എസ് അജയൻ(ഹെഡ്ക്ലർക്ക്) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 05-04-2019 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ടി എസ് വൃന്ദ | കൃഷി ഓഫീസർ | 01-04-2019 | 29-09-2019 |
| ശ്രീരമ്യ | കൃഷി ഓഫീസർ | 30-09-2019 | 31-03-2020 |
| ഡോ.നാരായണപിള്ള | വെറ്ററിനറി സർജൻ | 01-04-2019 | 31-07-2019 |
| ഡോ.വിനയകുമാർ | വെറ്ററിനറി സർജൻ | 01-08-2019 | 09-10-2019 |
| ഡോ രാജേഷ് | വെറ്ററിനറി സർജൻ | 10-10-2019 | 23-11-2019 |
| ഡോ.വിനയകുമാർ | വെറ്ററിനറി സർജൻ | 24-11-2019 | 30-11-2019 |
| ഡോ.ഐസക്ക് സാം | വെറ്ററിനറി സർജൻ | 01-12-2019 | 28-02-2020 |
| ഡോ.വിനയകുമാർ | വെറ്ററിനറി സർജൻ | 01-03-2020 | 31-03-2020 |
| ഡോ.സുരേഷ് കുമാർ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2019 | 14-04-2019 |
| ഡോ.തനൂജ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 15-04-2019 | 31-03-2020 |
| ഡോ .കെ എസ് സുനിൽ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-07-2019 |
| ഡോ.സുനിൽ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-08-2019 | 31-03-2020 |
| രശ്മി എൻ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 23-07-2019 |
| ഗീതു എസ് | അസിസ്റ്റന്റ് എൻജിനീയർ | 24-07-2019 | 05-01-2020 |
| അമൽ ആർ(ചാർജ്ജ്) | അസി.എൻജിനീയർ | 06-01-2020 | 15-02-2020 |
| ഷഫീക്ക് എ | അസി.എൻജിനീയർ | 16-02-2020 | 31-03-2020 |
| കിരൺ കെ വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| അപ്പൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ.ഗംഗ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 29-02-2020 |

| | | | |
|---|---|---|---|
| ഡോ.രജിത ശേഖർ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-03-2020 | 31-03-2020 |
| ഓമന | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്. | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sreedevi.R (Senior Grade Auditor, On 10-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Sreedevi.R (Senior Grade Auditor, On 11-12-2021)<br>Last Updated By: Sreedevi.R (Senior Grade Auditor, On 11-12-2021) | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക-അപാകതകൾ<br>Written By: Sreedevi.R (Senior Grade Auditor, On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-2-1 |
| 4 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം<br>Written By: Sreedevi.R (Senior Grade Auditor, On 11-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)<br>Written By: Sreedevi.R (Senior Grade Auditor, On 10-12-2021)<br>Last Updated By: Sreedevi.R (Senior Grade Auditor, On 10-12-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Sreedevi.R (Senior Grade Auditor, On 10-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-5 |
| 7 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sreedevi.R (Senior Grade Auditor, On 10-12-2021)<br>Last Updated By: Sreedevi.R (Senior Grade Auditor, On 11-12-2021) | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sreedevi.R (Senior Grade Auditor, On 10-12-2021)<br>Last Updated By: Sreedevi.R (Senior Grade Auditor, On 10-12-2021) | 1-7 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Sreedevi.R (Senior Grade Auditor, On 10-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-8 |
| 10 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Sreedevi.R (Senior Grade Auditor, On 10-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-9 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: P.Sabu (Audit Officer (HG), On 17-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-10 |
| 12 | രസീത് പരിശോധനയിലെ അപാകതകൾ<br>Written By: Lekha (Auditor, On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 1-11 |
| 13 | തൊഴിൽ നികുതി,സ്ഥാപന നികുതി എന്നിവ ഈടാക്കിയില്ല<br>Written By: Lekha (Auditor, On 17-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-12 |
| 14 | ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: A.D.Beena (Asst. Audit Officer, On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 1-13 |
| 15 | പി.എസ്.സി. പരീക്ഷകൾക്കുള്ള പരിശീലന പദ്ധതി- പ്രോജക്കിന്റെ അടങ്കൽ തുകയേക്കാൾ അധികം ചെലവഴിച്ചു<br>Written By: Sreedevi.R (Senior Grade Auditor, On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 1-14 |
| 16 | പട്ടികജാതി ഭവനപുനരുദ്ധാരണം-രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല<br>Written By: A.D.Beena (Asst. Audit Officer, On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-15 |
| 17 | തുക മുൻകൂർ നൽകിയിട്ടും പാലിയേറ്റീവ് കെയർ പ്രോജക്കിൽ | 1-16 |

| | | |
|---|---|---|
| | മരുന്ന്/ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമാക്കിയില്ല<br>Written By: Sreedevi.R (Senior Grade Auditor, On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | |
| 18 | ഗാർഹികപൈപ്പ് കണക്ഷൻ(ജനറൽ) -ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല<br>Written By: A.D.Beena (Asst. Audit Officer, On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 1-17 |
| 19 | ലൈഫ് മിഷൻ പദ്ധതിക്ക് തുക വകയിരുത്തൽ- പ്രവൃത്തി പൂർത്തീകരിച്ചില്ല<br>Written By: A.D.Beena (Asst. Audit Officer, On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 1-18 |
| 20 | ലൈഫ് മിഷൻ പദ്ധതിക്ക് തുക വകയിരുത്തൽ(എസ്.സി) - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: A.D.Beena (Asst. Audit Officer, On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 1-19 |
| 21 | MGNREGS-മെറ്റീരിയൽ പ്രവർത്തികളിൽ കരാറുകാരൻ സപ്ലൈ ചെയ്ത അളവിനെക്കാൾ അധികം അളവുപുസ്തകത്തിൽ സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തി -അധികം തുക ചെലവഴിച്ചു<br>Written By: P.Sabu (Audit Officer (HG), On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 1-20 |
| 22 | MGNREGS-ലൈഫ് ഭവനപദ്ധതി - അടിത്തറപോലും നിർമ്മിക്കാത്ത ഗുണഭോക്താവിന് തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള അധിക ധനസഹായം നൽകി<br>Written By: P.Sabu (Audit Officer (HG), On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 1-21 |
| 23 | MGNREGS-കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിലുള്ള ഭൂവിസ്തൃതിയിൽ പ്രവർത്തി ചെയ്തതായി കാണിച്ച് അധിക വേതനം നല്കി<br>Written By: P.Sabu (Audit Officer (HG), On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 1-22 |
| 24 | MGNREGS-കരാറുകാരൻ സപ്ലൈ ചെയ്തതായി ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളതിനേക്കാൾ അധികം അളവ് അളവുപുസ്തകത്തിൽ രേഖപ്പെടുത്തുന്നു<br>Written By: P.Sabu (Audit Officer (HG), On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 1-23 |
| 25 | MGNREGS-വൌച്ചറിൽ തുക തിരുത്തി അധികം തുക കൈപ്പറ്റി<br>Written By: P.Sabu (Audit Officer (HG), On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 1-24 |
| 26 | MGNREGS-കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ നൽകിയിട്ടുള്ള ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ള GST, നൽകിയതിനോ ഒടുക്കിയതിനോ രേഖകളില്ല<br>Written By: P.Sabu (Audit Officer (HG), On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 1-25 |
| 27 | MGNREGS- തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ കോൺക്രീറ്റിംഗ് റോഡ് നിർമ്മാണ പ്രവർത്തികൾക്ക് നാളിതുവരെ മെറ്റീരിയൽ വില നൽകിയില്ല<br>Written By: P.Sabu (Audit Officer (HG), On 19-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 1-26 |
| 28 | കറവപശു പരിപാലനം-അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 1-27 |
| 29 | കറവപശു പരിപാലനം- ഇൻവോയ്സിനേക്കാൾ കൂടുതൽ തുക | 1-28 |

| | | |
|---|---|---|
| | ക്ഷീരസംഘത്തിന് നൽകി<br>Written By: A.D.Beena (Asst. Audit Officer, On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | |
| 30 | കറവപശു പരിപാലനം-പട്ടികജാതി- കാലിത്തീറ്റ വാങ്ങിയ ബില്ല് ഹാജരാക്കിയില്ല<br>Written By: A.D.Beena (Asst. Audit Officer, On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 1-29 |
| | **ഭാഗം 2** | |
| 1 | Written By: P.Sabu (Audit Officer (HG), On 23-12-2021)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | |
| | **ഭാഗം 3** | |
| 1 | MGNREGS-മെറ്റീരിയൽ പ്രവർത്തികളിൽ കരാറുകാരൻ സപ്ലൈ ചെയ്ത അളവിനെക്കാൾ അധികം അളവുപുസ്തകത്തിൽ സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തി -അധികം തുക ചെലവഴിച്ചു<br>Written By: P.Sabu (Audit Officer (HG), On 22-12-2021)<br>Last Updated By: Rajeev R (Deputy Director, On 11-03-2022) | 3-1 |
| 2 | MGNREGS-ലൈഫ് ഭവനപദ്ധതി - അടിത്തറപോലും നിർമ്മിക്കാത്ത ഗുണഭോക്താവിന് തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള അധിക ധനസഹായം നൽകി<br>Written By: P.Sabu (Audit Officer (HG), On 22-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 3-2 |
| 3 | MGNREGS-കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിലുള്ള ഭൂവിസ്തൃതിയിൽ പ്രവർത്തി ചെയ്തതായി കാണിച്ച് അധിക വേതനം നല്കി<br>Written By: P.Sabu (Audit Officer (HG), On 22-12-2021)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 3-3 |
| 4 | MGNREGS-വൌച്ചറിൽ തുക തിരുത്തി അധികം തുക കൈപ്പറ്റി<br>Written By: P.Sabu (Audit Officer (HG), On 22-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 3-4 |
| 5 | പി.എസ്.സി. പരീക്ഷകൾക്കുള്ള പരിശീലന പദ്ധതി- പ്രോജക്ടിന്റെ അടങ്കൽ തുകയേക്കാൾ അധികം ചെലവഴിച്ചു<br>Written By: Elsamma (Audit Officer, On 07-03-2022)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 3-5 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sreedevi.R (Senior Grade Auditor, On 10-12-2021)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം<br>Written By: Sreedevi.R (Senior Grade Auditor, On 10-12-2021)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sreedevi.R (Senior Grade Auditor, On 10-12-2021)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sreedevi.R (Senior Grade Auditor, On 10-12-2021)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sreedevi.R (Senior Grade Auditor, On 10-12-2021)<br>Last Updated By: Rajeev R (Deputy Director, On 11-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| | Written By: Sreedevi.R (Senior Grade Auditor, On 16-12-2021)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sreedevi.R (Senior Grade Auditor, On 11-12-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sreedevi.R (Senior Grade Auditor, On 11-12-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 20-12-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lekha (Auditor, On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sreedevi.R (Senior Grade Auditor, On 10-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20വർഷത്തെ ബജറ്റ് 21.02.2019 തീയതിയിലെ 1 (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 235024357 | 233475940 |
| വാർഷിക കണക്ക് പ്രകാരം | 99672513 | 96874396 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.07.2020 | 01.07.2020 |

## 1-2-1 വാർഷിക ധനകാര്യപത്രിക-അപാകതകൾ

2019-20 ലെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.RP 34 പ്രകാരം സപ്ലയേഴ്സ് ഇ.എം.ഡി. ഇനത്തിൽ വരവ് 0 ആണ്, എന്നാൽ രജിസ്റ്റർ പ്രകാരം ഈയിനത്തിൽ 10100/- രൂപ വരവുണ്ട്. ചെലവിലും വ്യത്യാസം കാണുന്നു. രജിസ്റ്റർ പ്രകാരം 22200/- രൂപയും എ.എഫ്.എസ്.പ്രകാരം 15700/- രൂപയുമാണ്.

2.വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

3.വാറ്റ് തിരിച്ചടവ് ബാധ്യത 47373/- രൂപ മുൻവർഷവും തൻവർഷവും നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നു. ജി.എസ്.ടി നടപ്പിലായ ശേഷവും ടി തുക ബാധ്യത നിലനിൽക്കുകയാണ്. തുക ബന്ധപ്പെട്ട ഹെഡിൽ ഒടുക്കുവരുത്തേണ്ടതാണ്.

4. ബാലൻസ് ഷീറ്റ് B-4 ഷഡ്യൂളിൽ Contribution For Other Specific Purposes (For Revenue Expenditure ) From District Panchayat എന്ന ഹെഡിൽ 3,05,000/- രൂപ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നു. 2012-ൽ സാംഖ്യയിലേക്ക് മാറിയപ്പോൾ ഓപ്പണിംങ് ബാലൻസായി ഉണ്ടായിരുന്ന തുക ലയബിലിറ്റിയായി ഇപ്പോഴും അവശേഷിക്കുന്നു.

5. ആസ്തി രജിസ്റ്റർ ആസ്തികളുടെ മൂല്യവർദ്ധനവ്, മൂല്യശോഷണം ഇവ ഉൾപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കിൽ ഇവയുടെ കൃത്യത പരിശോധിക്കാനായില്ല.

6. ലോൺ രജിസ്റ്റർ തൻ വർഷം എഴുതി സൂക്ഷിക്കുന്നില്ല.

7.ഇൻകം & എക്സ്പൻറ്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6, പ്രകാരം Contributions Towards Joint Venture Projects From Block Panchayats ഇനത്തിലുള്ള തൻവർഷത്തെ ചെലവ് 2877046/-രൂപയാണ്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ഈയിനത്തിലുള്ള ചെലവ് 617046/- രൂപയാണ്. വ്യത്യാസം 2260000/-

8.ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകയ്ക്ക് സെക്രട്ടറി പ്രോജക്ട് തയ്യാറാക്കിയിട്ടില്ല.

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപത്രം അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ക്രമ നം. | ഫണ്ടിനം | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റ് | സോഴ്സ് ഡിഡക്ഷൻ | ചെലവ് RP-7 | സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട്-പൊതുവിഭാഗം | 11020000 | 2665782 | 8056272 | 10722054 | 297946 |
| 2 | വികസനഫണ്ട്- | 5331000 | 88235 | 4218808 | 4307043 | 1023957 |

| | | | | | | |
|---|---|---|---|---|---|---|
| | എസ്.സി.പി | | | | | |
| 3 | വികസനഫണ്ട്-ടി.എസ്.പി | 115000 | - | 23000 | 23000 | 92000 |
| 4 | സംരക്ഷണ ഗ്രാന്റ് -റോഡ് | 7089000 | - | 3168178 | 3168178 | 3920822 |
| 5 | സംരക്ഷണഗ്രാന്റ് -നോൺ റോഡ് | 3251000 | - | 1846962 | 1846962 | 1404038 |
| 6 | ധനകാര്യകമ്മീഷൻ ഗ്രാന്റ്- Untied | 8426077 | - | 3304773 | 3304773 | 5121304 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 102 | 113973320 | 64 | 26105588 | - | 38 | 23 |

## 1-6 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10647926 |
| വരവ് | 66936709 |
| ആകെ | 77584635 |
| ചെലവ് | 63775993 |
| നീക്കിയിരിപ്പ് | 13808642 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5279 | 891262 | 896541 | 98470 | 798071 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 26496066 | 26496066 | 26496066 | - |
| ആകെ | 5279 | 27387328 | 27392607 | 26594536 | 798071 |

## 1-8 ക്ഷേമ പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 116880 | 80 |
| കർഷകതൊഴിലാളി പെൻഷൻ | 2108400 | 351 |
| വിധവാ പെൻഷൻ | 4574400 | 826 |
| വാർദ്ധക്യകാല പെൻഷൻ | 8037600 | 1702 |
| വികലാംഗ പെൻഷൻ | 1581500 | 285 |
| അവിവാഹിത പെൻഷൻ | 394800 | 69 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 330000 | 11 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.12.2021 ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9338/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

2.വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

3.തെരുവ് വിളക്കുകളുടെ വാങ്ങൽ വിവരങ്ങളും വിതരണ വിവരങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

4. കമ്പ്യൂട്ടർ, ഫർണിച്ചർ സ്റ്റേഷനറീസ് എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തന്മൂലം വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ എന്നതും ഓരോ ഇനത്തിലുമുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് എന്നിവയും പരിശോധിച്ച് ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

5.ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

6.തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെയൊന്നും തന്നെ മോണിട്ടറിംഗ് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

7.തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

8. വായ്പാ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

9. വിവിധ വാങ്ങലുകൾ സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ 2019-20 വർഷം ആകെ ഒരു തവണ മാത്രമെ പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടിയതായി രേഖപ്പെടുത്തിയിട്ടുള്ളൂ.

10. വിവിധ സ്കീമുകളിൽപ്പെടുത്തി പഞ്ചായത്തിൽ നിരവധി ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷൻ നൽകിയിട്ടുണ്ടെങ്കിലും വാട്ടർ ടാപ്പുകളുടെ എണ്ണം കുറവ് ചെയ്യുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന-ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 രസീത് പരിശോധനയിലെ അപാകതകൾ

1)ഗ്രാമ പഞ്ചായത്തിന്റെ 1.9.2019 മുതൽ ഓഡിറ്റ് തീയതി വരെയുള്ള രസീത് പരിശോധനയ്ക്കായി ഹാജരാക്കിയ രസീത് ബുക്കുകളോടൊപ്പം താഴെ കൊടുത്തിരിക്കുന്ന രസീതുബുക്കുകളുടെ കളക്ഷൻ രജിസ്റ്റർ ലഭ്യമാക്കിയില്ല.

| ക്രമ നം. | പേര് | രസീത് ബുക്ക് നമ്പർ |
|---|---|---|
| 1 | സൗമ്യ.എസ്.നായർ,ക്ലർക്ക് | 38088,38093 |

| | | |
|---|---|---|
| 2 | ഷാജിമോൻ. ടി.എ.,ക്ലർക്ക് | 38085,38091 |

2) ശ്രീജ.എസ്.ആർ, ക്ലർക്ക് 12/2019 ൽ ഔട്ട് ഡോർ കളക്ഷനു വേണ്ടി ഉപയോഗിച്ചിരിക്കുന്ന രസീത് ബുക്ക് നമ്പർ 38101 പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. ടിയാളുടെ കളക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത രസീത് ബുക്കിലെ 1 മുതൽ 100 വരെയുള്ള രസീതുകൾ പണം പിരിക്കുന്നതിനായി ഉപയോഗിച്ചിട്ടുണ്ട്. കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ ഉത്തരവാദപ്പെട്ട മേലുദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ഇവ പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറിയിലൂടെ (നം.4/06.12.21) ആവശ്യപ്പെട്ടുവെങ്കിലും ആയത് ഹാജരാക്കിയില്ല. രസീതുകൾ ക്രമ പ്രകാരം തന്നെ രജിസ്റ്ററിൽ എഴുതുകയും അതത് ദിവസത്തെ കളക്ഷനുകൾ തൊട്ടടുത്ത ദിവസം തന്നെ അടവാക്കേണ്ടതുമാണ്.

## 1-12 തൊഴിൽ നികുതി,സ്ഥാപന നികുതി എന്നിവ ഈടാക്കിയില്ല

1994 ലെപഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ,സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

1)പഞ്ചായത്തിലെ 2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടച്ചിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ചൂളത്തെരുവ് പോസ്റ്റാഫീസ് | II |
| 2 | വിശ്വ വിദ്യാലയ ഇംഗ്ലീഷ് മീഡിയം സ്കൂൾ | I & II |
| 3 | ബുദ്ധ എഡ്യൂക്കേഷൻ സെന്റർ | I |
| 4 | ചേപ്പാട് കന്നിമേൽ സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക്-1740 | I &II |
| 5 | മുരിങ്ങചിറ ക്ഷീരോൽപ്പാദക സഹകരണ സംഘം A90D | I &II |
| 6 | മുതുകുളം ക്ഷീരോൽപ്പാദക സഹകരണ സംഘം A82D | I &II |
| 7 | മുതുകുളം സൗത്ത് ക്ഷീരോൽപ്പാദക സഹകരണ സംഘം A75D | I &II |
| 8 | രാജം ഹോസ്പിറ്റൽ | I &II |

2)താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനനികുതി അടച്ചിട്ടില്ല

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | കോർപ്പറേഷൻ ബാങ്ക് | I |
| 2 | ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് | I |
| 3 | കെ.എസ്.എഫ്.ഇ | I |
| 4 | ചേപ്പാട് കന്നിമേൽ സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക്-1740 | I &II |
| 5 | സയാൻ ഫ്യൂവൽസ് | I &II |
| 6 | മുരിങ്ങചിറ ക്ഷീരോൽപ്പാദക സഹകരണ സംഘം A90D | I &II |
| 7 | മുതുകുളം ക്ഷീരോൽപ്പാദക സഹകരണ സംഘം A82D | I &II |
| 8 | മുതുകുളം സൗത്ത് ക്ഷീരോൽപ്പാദക സഹകരണ സംഘം A75D | I &II |

മേൽ സൂചിപ്പിച്ച ജീവനക്കാർ/സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ്എൻക്വയറിക്ക് (നം. 12/20-21 തീ.9.12.2021) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കി വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.

## 1-13 ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി 2019-20 സാമ്പത്തികവർഷം നിർവ്വഹണം ചെയ്ത താഴെ ചേർത്തിരിക്കുന്ന പ്രോജക്ടുകളും അവയുടെ അനുബന്ധ രേഖകളും പരിശോധനക്ക് ഹാജരാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തൽ | ചെലവ് (സുലേഖ ചെലവ് പത്രിക പ്രകാരം) |
|---|---|---|---|---|
| 1 | S0001/20 | ഐ.കെ.എം.വിഹിതം | വികസനഫണ്ട്-62580 | വികസനഫണ്ട്-62225 |
| 2 | S0029/20 | പദ്ധതി രൂപീകരണം, നിർവ്വഹണം,മോണിറ്ററിംഗ് | തനത് ഫണ്ട് -200000 | തനത് ഫണ്ട് -14020 |
| 3 | S0030/20 | ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം | തനത് ഫണ്ട് -280000 | തനത് ഫണ്ട് - 277655 |
| 4 | S0075/20(Spill Over) | തെരുവ് വിളക്ക് മെയിന്റനൻസ് | വികസനഫണ്ട്-51960<br>ധ.ക.അവാർഡ്- 100000<br>തനത് ഫണ്ട് -92540<br>ആകെഅടങ്കൽ- 244500 | വികസനഫണ്ട്-50800<br>ധ.ക.അവാർഡ്- 100000<br>തനത് ഫണ്ട് -0<br>ആകെചെലവ്-150800 |
| 5 | S0118/20 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | ധ.ക.അവാർഡ്- 264000<br>തനത് ഫണ്ട് -136000<br>ജി.പ.വിഹിതം- 400000<br>ആകെഅടങ്കൽ- 800000 | ധ.ക.അവാർഡ്- 264000<br>തനത് ഫണ്ട് -135840<br>ജി.പ.വിഹിതം-0<br>ആകെചെലവ്- 399840 |
| ആകെ ചെലവ് | | | | 904540/- |

1997ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം12(2) പ്രകാരം ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ല എന്ന് കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനത്തിൽ എത്തുന്നതുമാണ്. ആയതിനാൽ പ്രോജക്ടും അനുബന്ധരേഖകളും ഓഡിറ്റിൽ ഹാജരാക്കണമെന്നാവശ്യപ്പെട്ട് 8.12.21 തീയതിയിൽ ഓഡിറ്റ് എൻക്വയറി (നം. 11/08.12.21) നൽകിയെങ്കിലും ഫയലുകൾ ഹാജരാക്കിയില്ല. ആയതിനാൽ 904540/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-14 പി.എസ്.സി. പരീക്ഷകൾക്കുള്ള പരിശീലന പദ്ധതി- പ്രോജക്ടിന്റെ അടങ്കൽ തുകയേക്കാൾ അധികം ചെലവഴിച്ചു

പ്രോജക്ട് നം. S0085/20 പി.എസ്.സി. പരീക്ഷകൾക്കുള്ള പരിശീലന പദ്ധതി (സ്പിൽ ഓവർ)

നിർവ്വഹണം - എച്ച് .എം. ഗവ.എൽ.പി.എസ്.

അടങ്കൽ -19500 (വികസനഫണ്ട്)

ചെലവ്-19500 (ബിൽ നം. 1 /26.04.2019)

2108-19 വർഷം 146900/- രൂപ അടങ്കലിൽ അംഗീകാരം ലഭിച്ച പി.എസ്.സി. പരീക്ഷകൾക്കുള്ള പരിശീലന

പദ്ധതിയിൽ (S0050/19) ചെലവഴിക്കാവുന്ന ആകെ തുക ഒരു വർഷക്കാലത്തേയ്ക്ക് 146900/- രൂപയാണ്. എന്നാൽ അതേവർഷം തന്നെ പ്രസ്തുത പ്രോജക്ടിൽ 152100/- രൂപ ചെലവഴിച്ചിരുന്നു. (2018-19 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ഖ. 1-18) അംഗീകൃത പ്രോജക്ടിന്റെ അടങ്കൽ തുകയിൽ നിന്നും 5200/- രൂപ അധികമായി 2018-19 ൽ തന്നെ ചെലവഴിച്ചിട്ടുണ്ട്. അടങ്കലിനേക്കാൾ അധികം തുക ചെലവഴിച്ചിട്ടും പ്രസ്തുത പ്രോജക്ട് സ്പിൽ ഓവർ ആക്കി 2019-20 ൽ പ്രോജക്ട് നം. S0085/20 ന് അംഗീകാരം ലഭ്യമാക്കുകയും പരിശീലകയ്ക്കുള്ള വേതനം നൽകിയ വകയിൽ (2019 മാർച്ച് മാസത്തെ 15 ദിവസത്തെ വേതനം@ 1300) 19500/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം 19500/- രൂപ അധികമായി ചെലവഴിച്ചത് അംഗീകരിക്കുന്നില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18 തീയതി. 14.12.2021) 18.07.2018 മുതൽ 31.08.2018 വരെയുള്ള കാലയളവിൽ 19 ദിവസത്തെ വേതനം 24700/- രൂപ സ്കൂളുകളിൽ പ്രഭാത ഭക്ഷണം എന്ന പ്രോജക്ടിൽ നിന്ന് (നം.S0054/19) തെറ്റായി പിൻവലിച്ച് പരിശീലകയുടെ അക്കൗണ്ടിലേക്ക് നൽകിയ താണെന്നും ആയതിനാൽ പി.എസ്.സി. പരീക്ഷകൾക്കുള്ള പരിശീലന പദ്ധതി എന്ന പ്രോജക്ട് പ്രകാരം അടങ്കൽ തുയായ 146900/- രൂപ (127400+19500) മാത്രമാണ് ചെലവ് വന്നിട്ടുള്ളത് എന്നും മറുപടി ലഭ്യമാക്കി. പ്രതിഫലം ഇനത്തിൽ പി.എസ്.സി. പരിശീലകയ്ക്ക് ആകെ 171600/- രൂപ നൽകിയിട്ടുണ്ട്. അതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. 2019-20 വർഷം അധികം നൽകിയ 19500/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-15 പട്ടികജാതി ഭവനപുനരുദ്ധാരണം-രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല

2019-20 സാമ്പത്തികവർഷം വികസനഫണ്ട് (എസ്.സി.പി)യിൽ നിന്നും 858000/-രൂപ വകയിരുത്തി വി.ഇ.ഒ. മുഖേകളം സൗത്ത് നിർവ്വഹണം ചെയ്ത സ്പിൽഓവർ പ്രോജക്ടാണ് പട്ടികജാതി ഭവനപുനരുദ്ധാരണം(പ്രോജക്ട് നം- S0086/20).

ഭവനപുനരുദ്ധാരണത്തിനായി 66000/- രൂപ വീതം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരവും അപാകതയും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | ബിൽ നം./ തീയതി | അപാകത |
|---|---|---|---|
| 1 | മണിയമ്മ,ദിവ്യഭവനം | ബിൽ നം.1/ 19-20/11.6.19 തുക.132000 | കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിച്ച സാക്ഷ്യപത്രം, ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഭവനപുനരുദ്ധാരണ ത്തിന് ധനസഹായം കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം, കെട്ടിട ഉടമ തയ്യാറാക്കിയ എസ്റ്റിമേറ്റ്, മൂല്യനിർണ്ണയസാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഇല്ല. |
| 2 | മണി, മീനത്തേരിൽ | | |
| 3 | രാധ, രാജ്ഭവനം | ബിൽ നം.3/ 19-20/11.6.19 തുക.66000 | കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിച്ച സാക്ഷ്യപത്രം, കെട്ടിട ഉടമ തയ്യാറാക്കിയ എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഇല്ല. |
| 4 | സുഷമ, കോട്ടൂർതെക്കതിൽ | ബിൽ നം.6/ 19-20/11.6.19 തുക.198000 | കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിച്ച സാക്ഷ്യപത്രം, ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഭവനപുനരുദ്ധാരണത്തിന് ധനസഹായം കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം, കെട്ടിട ഉടമ തയ്യാറാക്കിയ എസ്റ്റിമേറ്റ്, മൂല്യനിർണ്ണയസാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഇല്ല. |
| 5 | ജയചന്ദ്രൻ, ആലക്കോട്ട് വടക്കതിൽ | | |
| 6 | ഇന്ദിര,കന്നേൽ | | |

| | | | |
|---|---|---|---|
| 7 | രമ,സുനിൽഭവനം | ബിൽ നം.7/19-20 /11.6.19 തുക.66000 | കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിച്ച സാക്ഷ്യപത്രം, കെട്ടിട ഉടമ തയ്യാറാക്കിയ എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഇല്ല. |
| 8 | ഗോപാലകൃഷ്ണൻ,അരുൺവിഹാർ | ബിൽ നം.8/ 19-20/11.6.19 തുക.66000 | കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിച്ച സാക്ഷ്യപത്രം , ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഭവനപുനരുദ്ധാരണത്തിന് ധനസഹായം കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഇല്ല. |
| 9 | ശാരദ | ബിൽ നം.9/ 19-20/11.6.19 തുക.132000 | അപേക്ഷ,അനുബന്ധരേഖകൾ എന്നിവ ഇല്ല. |
| 10 | സുധ | | |

രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി 14.12.21 തീയതി ഓഡിറ്റ് എൻക്വയറി നം.13 നൽകിയെങ്കിലും ആയത് ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ക്രമ നം.1 മുതൽ 10 വരെയുള്ള 660000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-16 തുക മുൻകൂർ നൽകിയിട്ടും പാലിയേറ്റീവ് കെയർ പ്രോജക്ടിൽ മരുന്ന്/ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമാക്കിയില്ല

പ്രോജക്ട് നം.S0053/20 പാലിയേറ്റീവ് കെയർ

അടങ്കൽ - 700000 (വികസനഫണ്ട്)

ചെലവ് - 567620

മെഡിക്കൽ ഓഫീസർ സി.എച്ച്.സി.നടപ്പാക്കിയ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ മരുന്ന്/ഉപകരണങ്ങൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന്/ ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ.

| പ്രോജക്ട് നം. | മരുന്നിന് നൽകിയ തുക/ബിൽ നം./ തീയതി | ലഭിച്ച മരുന്നുകളുടെ വില | ലഭിക്കാനുള്ള മരുന്നുകളുടെ വില |
|---|---|---|---|
| S0053/20<br>അടങ്കൽ-700000 (വികസനഫണ്ട്)<br>ചെലവ് - 567620 | 173957/-രൂപ<br>06/16.10.2019 | 168865/- | 5092/- |

മരുന്ന്/ഉപകരണങ്ങൾ ലഭ്യമാകാത്തത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.25/16.12.2021) മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചിട്ടില്ല എന്നും ടി വിവരം സൂചിപ്പിച്ച് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമാകുന്നത് വരെ 5092/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 ഗാർഹികപൈപ്പ് കണക്ഷൻ(ജനറൽ) -ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല

2019-20 സാമ്പത്തികവർഷം തനത്ഫണ്ടിൽ നിന്നും 535000/-രൂപ വകയിരുത്തി വി.ഇ.ഒ. മുതുകുളം സൗത്ത് നിർവ്വഹണം ചെയ്യ സ്പിൽ ഓവർ പ്രോജക്ടാണ് ഗാർഹികപൈപ്പ് കണക്ഷൻ (ജനറൽ) (പ്രോജക്ട് നം-S0110/20). സുലേഖ ചെലവ് പത്രിക പ്രകാരം 240000/-രൂപയുടെ ചെലവുണ്ട്.

അപാകതകൾ ചുവടെ ചേർക്കുന്നു.

താഴെ ചേർക്കുന്ന 10 ഗുണഭോക്താക്കൾക്ക് 5000/-രൂപ വീതം നൽകി.

| ക്രമ നം. | പേര് | ചെക്ക് നം./തീയതി/തുക | റിമാർക്സ് |
|---|---|---|---|
| 1 | രാധ | ചെക്ക് നം.3425407/12.11.19 തുക.50000/- | 10 ഗുണഭോക്താക്കളുടെയും അപേക്ഷ, അനുബന്ധരേഖകൾ ഇല്ല. |
| 2 | ശ്രീലത.വി.കെ | | |
| 3 | ഭാരതി.കെ | | |
| 4 | ഗോപി.കെ | | |
| 5 | രുഗ്മിണി.എം | | |
| 6 | ചെല്ലപ്പൻ | | |
| 7 | സുമ.ടി | | |
| 8 | ശ്രീജ.ആർ | | |
| 9 | പത്മാക്ഷി | | |
| 10 | പ്രശോഭ.വി | | |

II) ചെക്ക്നം.0794496/30.7.19തുക.145000/-

29 ഗുണഭോക്താക്കൾക്ക് 5000/-രൂപ വീതം നൽകി. ആയതിൽ താഴെ ചേർക്കുന്ന 6 പേരുടെ അപേക്ഷ, അനുബന്ധരേഖകൾ ഇല്ല.

1)ഗ്രേസി

2)സതിയമ്മ.ബി

3)ഗീത.ബി

4)രാധമ്മ

5)പൊന്നമ്മ

6)ഉഷാദേവി.ജെ

III)ചെക്ക് നം.2704603/24.2.20തുക.45000/-

45000/- രൂപയുടെ ചെലവ് രേഖകൾ ഇല്ല.

രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് 16.12.21 തീയതി ഓഡിറ്റ് എൻക്വയറി നം.26 നൽകിയെങ്കിലും ആയത് ലഭ്യമാക്കിയില്ല. ആയതിനാൽ ക്രമ നം. I,II,III ലെ രേഖകൾ ഇല്ലാത്ത 125000/-രൂപയുടെ (50000+30000+45000) ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 ലൈഫ് മിഷൻ പദ്ധതിക്ക് തുക വകയിരുത്തൽ- പ്രവൃത്തി പൂർത്തീകരിച്ചില്ല

2019-20 സാമ്പത്തികവർഷം വി.ഇ.ഒ. മുതുകുളം സൗത്ത് നിർവ്വഹണം ചെയ്ത ലൈഫ് മിഷൻ പദ്ധതിക്ക് തുക വകയിരുത്തൽ എന്ന പ്രോജക്ടിന്റെ വിവരം താഴെ ചേർക്കുന്നു.

പ്രോജക്ട് നം. -S0037/20

വകയിരുത്തൽ

| ഫണ്ട് | തുക |
|---|---|
| വികസനഫണ്ട്(പൊതുവിഭാഗം) | 2300000 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | 16600000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1700000 |

| | |
|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 1500000 |
| മറ്റുള്ളവ | 30457769 |
| ആകെ അടങ്കൽ | 52557769 |

ചെലവ്

| ഫണ്ട് | തുക |
|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 2292000 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1500000 |
| മറ്റുള്ളവ | 0 |
| ആകെ ചെലവ് | 3792000 |

അപാകത

5,25,57,769/-വകയിരുത്തിയ പ്രോജക്ടിൽ നിന്നും 37,92,000/-രൂപ മാത്രമാണ് ചെലവഴിച്ചത്. 4,87,65,769/-രൂപ ചെലവഴിക്കാതിരുന്നതിന് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/1.12.21), നൽകിയ മറുപടി പ്രകാരം, സംസ്ഥാനാവിഷ്കൃതഫണ്ടും KURDFC ലോൺ തുകയും മാർച്ച് മാസം പ്രോജക്ട് റിവിഷൻ വന്നപ്പോൾ മാത്രമാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയത്. ആയതിനാൽ പ്രസ്തുത തുകയുടെ വിവരങ്ങൾ റിവിഷനു മുൻപ് സാംഖ്യയിൽ ഉൾപ്പെടുത്താൻ സാധിക്കാതിരുന്നതിനാലാണ് 2019-20 വർഷം ചെലവഴിക്കാൻ സാധിക്കാതിരുന്നത്.

ബ്ലോക്ക് പഞ്ചായത്ത് വിഹിതം പ്രോജക്ട് ആയി മാപ്പിംഗ് ചെയ്തിരുന്നു. എന്നാൽ പ്രോജക്ട് ആരംഭിക്കുന്നതിന് മുൻപ് തന്നെ ബ്ലോക്ക് പഞ്ചായത്ത് തുക സെക്രട്ടറിയുടെ അക്കൗണ്ടിൽ നൽകിയിരുന്നു. ആയതിനാൽ പ്രസ്തുത തുക മാപ്പ് ചെയ്യാൻ സാധിക്കില്ല എന്ന് ബ്ലോക്കിൽ നിന്നും അറിയിച്ചതിനാൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും സാംഖ്യയിൽ ഉൾപ്പടുത്താൻ കഴിഞ്ഞില്ല എന്നും മറുപടി ലഭ്യമാക്കി. പ്രോജക്ട് സ്പിൽഓവറായി തുടരുന്നു.

പ്രവൃത്തി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്,മേൽവിലാസം | കൈപ്പറ്റിയ തുക | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ഓമന അമ്മ<br>തുണ്ടുതറതെക്കേതിൽ<br>വാർഡ്-5 | 240000 | മേൽക്കൂര വരെ പൂർത്തിയായി |
| 2 | രവി,പാണയിൽ,വാർഡ്-7 | 40000 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 3 | ഷൈനിമാത്യു<br>മേവിളവിൽവീട്,<br>വാർഡ്-7 | 200000 | അടിത്തറ നിർമ്മാണം പൂർത്തിയായി. തുടർന്നുള്ള പ്രവൃത്തി ചെയ്തിട്ടില്ല. |

ഭവനനിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാത്ത ഓമന അമ്മ, ഷൈനി മാത്യു എന്നീ ഗുണഭോക്താക്കളുടെ പ്രവൃത്തിയുടെ ഓരോ ഘട്ടവും മോണിറ്ററിംഗ് കമ്മറ്റി പരിശോധന നടത്തി ഭവനനിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 40000/- രൂപ കൈപ്പറ്റി നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്ത രവി, പാണയിൽ, വാർഡ്-7 എന്ന ഗുണഭോക്താവിന്റെ ഭവനനിർമ്മാണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഗുണഭോക്താവിൽനിന്നും തുക പലിശസഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 1-19 ലൈഫ് മിഷൻ പദ്ധതിക്ക് തുക വകയിരുത്തൽ(എസ്.സി) - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

2019-20 സാമ്പത്തികവർഷം വി.ഇ.ഒ. മുതുകുളം സൗത്ത് നിർവ്വഹണം ചെയ്ത ലൈഫ് മിഷൻ പദ്ധതിക്ക് തുക വകയിരുത്തൽ(എസ്.സി)- എന്ന പ്രോജക്ടിന്റെ വിവരം താഴെ ചേർക്കുന്നു.

പ്രോജക്ട് നം -S0054/20

വകയിരുത്തൽ

| ഫണ്ട് | തുക |
|---|---|
| വികസനഫണ്ട്(എസ്.സി.പി) | 876000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 500000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 500000 |
| മറ്റുള്ളവ | 6124000 |
| ആകെ അടങ്കൽ | 8000000 |

ചെലവ്

| ഫണ്ട് | തുക |
|---|---|
| വികസനഫണ്ട്(എസ്.സി.പി) | 876000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 440000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 0 |
| മറ്റുള്ളവ | 0 |
| ആകെ അടങ്കൽ | 1316000 |

കരാർ വെച്ച 16 ഗുണഭോക്താക്കളിൽ 13 ഗുണഭോക്താക്കളാണ് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. നിർമ്മാണം പൂർത്തീകരിക്കാത്തതിന്മേൽ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2, തീയതി. 1.12.21), 3 പേരിൽ 2 പേർ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ലായെന്നും ഒരു ഗുണഭോക്താവ് പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്നും മറുപടി ലഭ്യമാക്കി.

പ്രവൃത്തി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്,മേൽവിലാസം | കൈപ്പറ്റിയ തുക | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | തങ്കമ്മ<br>കണിയാംതറയിൽ | 40000 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 2 | സാവിത്രി.ജെ<br>സ്രാംബിക്കൽലക്ഷംവീട് | 260000 | മേൽക്കൂര വരെ പൂർത്തിയായി |
| 3 | മണി<br>മാലിമേൽതെക്കതിൽ | 200000 | അടിത്തറ നിർമ്മാണം പൂർത്തിയായി. തുടർന്നുള്ള പ്രവൃത്തി ചെയ്തിട്ടില്ല. |

ഭവനനിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാത്ത സാവിത്രി.ജെ, മണി എന്നീ ഗുണഭോക്താക്കളുടെ പ്രവൃത്തിയുടെ ഓരോ ഘട്ടവും മോണിറ്ററിംഗ് കമ്മറ്റി പരിശോധന നടത്തി ഭവനനിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 40000/- രൂപ കൈപ്പറ്റി നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്ത തങ്കമ്മ, കണിയാംതറയിൽ എന്ന ഗുണഭോക്താവിന്റെ ഭവനനിർമ്മാണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഗുണഭോക്താവിൽനിന്നും തുക പലിശസഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 1-20 MGNREGS-മെറ്റീരിയൽ പ്രവർത്തികളിൽ കരാറുകാരൻ സപ്ലൈ ചെയ്ത അളവിനെക്കാൾ അധികം അളവുപുസ്തകത്തിൽ സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തി -അധികം തുക ചെലവഴിച്ചു

MGNREGS ൽ ഉൾപ്പെടുത്തി 2019-20 വർഷം നിർവ്വഹിച്ച കോൺക്രീറ്റ് റോഡ് നിർമ്മാണ പ്രവർത്തികളിൽ കരാറുകാരൻ മെറ്റീരിയൽസ് സപ്ലൈ ചെയ്തതായി ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളതിനെക്കാൾ അധികം അളവിൽ മെറ്റീരിയൽസ് സ്റ്റാക്ക് ചെയ്തതായി അളവുപുസ്തകം പ്രകാരം രേഖപ്പെടുത്തി കരാറുകാരന് അധികം തുക നൽകി. ഇപ്രകാരം അധികം തുക ചെലവഴിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ വിശദാംശം. | ബിൽ പ്രകാരം കരാറുകാരൻ സപ്ലൈ ചെയ്ത 40 | എം ബുക്കിൽ സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള 40 Mm മെറ്റലിന്റെ അളവ്. | 7.5% വോയിഡ്സ് കുറവ് ചെയ്തതിന് ശേഷം അനുവദനീയമായ | അധികം നൽകിയ തുകയുടെ വിവരം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | Mm മെറ്റലിന്റെ അളവ്./ നൽകിയ തുക (2032/ $M^3$) (5% Tax Extra) | | അളവ്/ തുക | |
| 11-ാം വാർഡിൽ പുത്തൻമഠം - തണ്ടാശ്ശേരിൽ നടപ്പാത കോൺക്രീറ്റിംഗ് - ഭാഗം-II എം ബുക്ക് No.383/18-19, കരാറുകാരൻ- N.വിജയൻ, വിഷ്ണുഭവൻ. RC/70960 | 32 $M^3$/ 65024 | 34.80$m^3$ | 29.6$m^3$/ 60147 | 4877/- (65024-60147) |
| 11-ാം വാർഡിൽ പുത്തൻമഠം - തണ്ടാശ്ശേരിൽ നടപ്പാത കോൺക്രീറ്റിംഗ് - ഭാഗം-I എം ബുക്ക് No.16/18-19, കരാറുകാരൻ- N.വിജയൻ, വിഷ്ണുഭവൻ. RC/69129 | 25.5$m^3$ / 51816/- | 28.06$m^3$ | 23.58$m^3$ / 47914/- | 3902/-(51816 - 47914 ) |
| | | | ആകെ | 8779/- |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/2019-20) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരന്റെ ബില്ലിൽ യഥാർത്ഥ മെറ്റീരിയലിന്റെ അളവാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും, മെറ്റീരിയൽസ് സൈറ്റിൽ ഇറക്കുമ്പോഴും സ്റ്റാക്ക് ചെയ്യുമ്പോഴും അളവിൽ വർദ്ധനവ് ഉണ്ടാകുന്നവെന്നും, ഈ അളവാണ് സ്റ്റാക്ക് മെഷർമെന്റിൽ കൂടുതലായി രേഖപ്പെടുത്തിയിട്ടുള്ളതെന്നു, അതിൽ നിന്നും 7.5% വോയിഡ്സ് കുറവ് ചെയ്തുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളതെന്നമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. കരാറുകാരൻ വാഹനത്തിൽ കൊണ്ടുവരുന്ന അളവിൽ കൂടുതൽ സൈറ്റിൽ ഇറക്കുമ്പോഴും സ്റ്റാക്ക് ചെയ്യുമ്പോഴും ഉണ്ടാകുന്നവെന്ന വാദം യുക്തിക്ക് നിരക്കുന്നതല്ല. ആയതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ അധികം നൽകിയ 8779/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഈ തുക MGNREGS അക്രെഡിറ്റഡ് എൻജിനീയർ, സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-21 MGNREGS-ലൈഫ് ഭവനപദ്ധതി - അടിത്തറപോലും നിർമ്മിക്കാത്ത ഗുണഭോക്താവിന് തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള അധിക ധനസഹായം നൽകി

ലൈഫ് ഭവനപദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് അർഹരായിട്ടുള്ള ഗുണഭോക്താക്കൾക്ക്, അവർ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടവരാണെങ്കിൽ വീട് നിർമ്മാണത്തിന്റെ 4 ഘട്ടങ്ങളിലായി 90 ദിവസത്തെ വേതനം തൊഴിലുറപ്പ്

പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുവാൻ ഉത്തരവുള്ളതിന്റെ അടിസ്ഥാനത്തിൽ 7-ാം വാർഡിൽ രവി.പി.കെ, പാണയിൽ വടക്കതിൽ എന്ന ഗുണഭോക്താവിന് MGNREGS പ്രകാരമുള്ള ആദ്യ ഗഡു അധിക ധനസഹായമായ 7588/- രൂപ ( 271x28 ദിവസം) ചുവടെ രേഖപ്പെടുത്തിയിട്ടുള്ള പ്രകാരം നൽകിയിട്ടുണ്ട്.

| മസ്റ്റർ റോൾ നം. | പ്രവർത്തി നിർവ്വഹിച്ച തീയതി | ആകെ ദിവസം | FT0 No., തീയതി, തുക |
|---|---|---|---|
| 6101 | 24-07-19 മുതൽ 30-07-19 വരെ | 7 | FTO –43226/18-12-19, 1897/-രൂപ |
| 7158 | 08-08-19 മുതൽ 14-08-19 വരെ | 7 | FTO –161403/09-01-20, 1897/-രൂപ |
| 12420 | 18-10-19 മുതൽ 24-10-19 വരെ | 7 | FTO –178621/09-01-20, 1897/-രൂപ |
| 16165 | 07-12-19 മുതൽ 13-12-19 വരെ | 7 | FTO –305265/06-02-20, 1897/-രൂപ |
| | ആകെ | | 7588/- |

ലൈഫ് ഭവനപദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ വിഇഒ മുതുകുളം സൌത്തിന് ഓഡിറ്റ് വേളയിൽ നൽകിയ 1-ാം നമ്പർ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, ടി ഗുണഭോക്താവ് ഭവനപദ്ധതിയ്ക്കായുള്ള ആനുകൂല്യത്തിന്റെ ഒന്നാംഗഡു കൈപ്പറ്റി നാളിതുവരെയും നിർമ്മാണം ആരംഭിച്ചിട്ടില്ലായെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നാളിതുവരെയും നിർമ്മാണം ആരംഭിക്കാത്ത പ്രവർത്തിയ്ക്കാണ് മേൽ രേഖപ്പെടുത്തിയ പ്രകാരം വിവിധ തീയതികളിൽ അളവുപുസ്തകത്തിൽ രേഖപ്പെടുത്തി അടിത്തറ നിർമ്മാണത്തിനുള്ള ആദ്യഗഡു അധിക സഹായം നൽകിയിട്ടുള്ളത്. ആയത് നിർവ്വഹണവുമായി ബന്ധപ്പെട്ട് ഹാജരാക്കുന്ന രേഖകളുടെ വിശ്വാസ്യതയെ തന്നെ ചോദ്യം ചെയ്യുന്നതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/2019-20) ലഭ്യമാക്കിയ മറുപടിയിൽ ടി ഗുണഭോക്താവ് മസ്റ്റർ റോൾ കൈപ്പറ്റിയപ്പോഴും, തിരികെ കൊണ്ടു വന്നപ്പോഴും പ്രവർത്തി ആരംഭിച്ചിരുന്നതായി അറിയിച്ചിരുന്നുവെന്നും പിന്നീട് ജിയോ ടാഗ് ഫോട്ടോ എടുക്കാൻ പോയപ്പോൾ ആണ് പ്രവർത്തി ആരംഭിച്ചില്ലായെന്നത് അറിയുന്നതെന്നുമാണ് മറുപടി നൽകിയിട്ടുള്ളത് . പ്രവർത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകളുടെ നിജസ്ഥിതി ഉറപ്പാക്കാതെ തുക നൽകിയത് ക്രമവിരുദ്ധമാണ്. ആയതിനാൽ ടി മറുപടി അംഗീകരിക്കാവുന്നതല്ല. ഗുണഭോക്താവിന് നൽകിയ തുക തിരികെ ഈടാക്കി അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഈ തുക MGNREGS അക്രെഡിറ്റഡ് എൻജിനീയർ, സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-22 MGNREGS-കയർഭ്രവസ്ത്രം വാങ്ങിയ അതേ അളവിലുള്ള ഭ്രവിസ്തൃതിയിൽ പ്രവർത്തി ചെയ്തതായി കാണിച്ച് അധിക വേതനം നല്കി

2019-20 വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ തോടുകൾക്ക് കയർഭ്രവസ്ത്രം വിരിക്കൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, കയർഭ്രവസ്ത്രം വിരിക്കൽ എന്ന ഇനം ജോലി നിർവ്വഹിച്ചപ്പോൾ തൊഴിലാളികൾക്ക് കൂലി ഇനത്തിൽ യഥാർത്ഥത്തിൽ ചെലവഴിക്കാവുന്നതിനേക്കാൾ അധികം തുക ചെലവഴിച്ചതായി കണ്ടു. കയർഭ്രവസ്ത്രം വാങ്ങലുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളിലെല്ലാം (ഇനം 80.8.49-ൽ) തന്നെ ഒരു ചതു.മീറ്റർ വിസ്തൃതിയിൽ കയർഭ്രവസ്ത്രം വിരിക്കുന്നതിനാവശ്യമായ കയർഭ്രവസ്ത്രത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 1.05 ചതു.മീറ്റർ ആണ്. 2 മീറ്റർ വീതിയിലുള്ള കയർഭ്രവസ്ത്രം 2.5 മീറ്റർ വീതിയിൽ വിരിക്കുമ്പോൾ രണ്ട് പീസുകൾ തമ്മിൽ ഓവർലാപ്പ് ചെയ്ത് മുളയാണി വെയ്ക്കുന്നതിനും, മുറിക്കുമ്പോൾ ഉണ്ടാകുന്ന വേസ്റ്റേജ് ക്രമീകരിക്കുന്നതിനും വേണ്ടി വരുന്ന അളവിലേക്കാണ് ചതു.മീറ്ററിൽ 0.05 വീതം അധികമായി ഭ്രവസ്ത്രം ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ, കയർഭ്രവസ്ത്രം വാങ്ങിയ അളവിലും കുറഞ്ഞ വിസ്തൃതിയിൽ മാത്രമേ ആയത് വിരിക്കാൻ സാധിക്കൂ. എന്നാൽ കയർഭ്രവസ്ത്രം വാങ്ങിയ അതേ അളവിൽ തന്നെ ജോലി ചെയ്തതായിട്ടാണ് ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ രേഖപ്പെടുത്തലുള്ളത്. എന്നാൽ ഇതനുസരിച്ചുള്ള അളവിൽ കയർഭ്രവസ്ത്രം അധികമായി വാങ്ങിക്കാണുന്നില്ല. ആകെ വിസ്തൃതിയിൽ മാത്രമാണ് കയർഭ്രവസ്ത്രം വാങ്ങിയിട്ടുള്ളത്. ഇപ്രകാരം കയർ ഭ്രവസ്ത്രം വിരിക്കുന്നതിന് അധിക വേതനം (ഇനം.നം.80.8.63ൽ, ച.മീറ്ററിന് 66.666 രൂപ നിരക്കിൽ നല്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിശദവിവരം/ വർക്ക് കോഡ്/ | ഭ്രവസ്ത്രം വാങ്ങിയത്. (ചതു.മീറ്റർ) | $1m^2$ വിരിക്കുന്നതിന് 1.05m2 എന്ന നിരക്കിൽ | നല്കിയ തുക | നല്കാവുന്ന തുക | അധികം | ചെലവ് വിവരം. |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| M-book No./ | | ഭ്രവസ്തം വിരിക്കാവുന്ന പരമാവധി വിസ്തൃതി.($m^2$) (ഭ്രവിസ്തൃതി/1.05) | | | | |
| 1-ാം വാർഡ് തോട് ആഴം കൂട്ടി കയർഭ്രവസ്തം ഉപയോഗിച്ച് മാടി പിടിപ്പിക്കൽ. WC-360388, 686/19-20 | 2100 | 2000 | 139986 | 133320 | 6666 | FTO- No. 47027dt.18/05/20 |
| 4-ാം വാർഡ് തോട് ആഴം കൂട്ടി കയർഭ്രവസ്തം ഉപയോഗിച്ച് മാടി പിടിപ്പിക്കൽ. WC-380472, 706/20-21 | 3400 | 3238 | 226644 | 215845 | 10798 | FTO- No. 59171dt.22/05/20, 2960/- FTO- No. 59177dt.22/05/20, 28416/- |
| ആകെ | | | | | 17464 | |

എൻക്വയറിക്ക് (14/2019-20) ലഭ്യമാക്കിയ മറുപടിയിൽ ആദ്യമായി ടി പ്രവർത്തി ഏറ്റെടുക്കുന്നതിനാൽ സമയബന്ധിതമായി പ്രവർത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലായെന്നും ആയതിനാലാണ് തൊഴിൽ ദിനങ്ങൾ അധികമായി ചെലവഴിക്കേണ്ടി വന്നതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി മറുപടി അംഗീകരിക്കാവുന്നതല്ല. അധികം ചെലവഴിച്ച തുക MGNREGS അക്രെഡിറ്റഡ് എൻജിനീയർ, സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-23 MGNREGS-കരാറുകാരൻ സപ്ലൈ ചെയ്തതായി ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളതിനേക്കാൾ അധികം അളവ് അളവുപുസ്തകത്തിൽ രേഖപ്പെടുത്തുന്നു

2019-20 വർഷം MGNREGS ൽ ഉൾപ്പെടുത്തി നിർവ്വഹിച്ച കോൺക്രീറ്റ് പ്രവർത്തികളിൽ ആവശ്യമായ മെറ്റീരിയൽസ് സപ്ലൈ ചെയ്തതിന് കരാറുകാരൻ നൽകിയിട്ടുള്ള ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ള അളവിനെക്കാൾ അധികം അളവുപുസ്തകത്തിൽ സ്റ്റാക്ക് ചെയ്തതായി രേഖപ്പടുത്തി ആ അളവിൽ നിന്നും നിയമാനുസൃതമായ വോയിഡ്സും കൺസോളിഡേഷനും കുറവ് ചെയ്താണ് മൂല്യം തിട്ടപ്പെടുത്തിയിരിക്കുന്നത്. ഇങ്ങനെ അളവു രേഖപ്പെടുത്തിയിട്ടുള്ള ചില പ്രവർത്തികൾക്ക് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് / കരാറുകാരന്റെ പേര്./വർക്ക് കോഡ്/ | കരാറുകാരൻ ഹാജരാക്കിയ ബില്ല് പ്രകാരം സപ്ലൈ | കരാറുകാരൻ ഹാജരാക്കിയ ബില്ല് പ്രകാരം സപ്ലൈ | അളവുപുസ്തകം പ്രകാരം സ്റ്റാക്ക് ചെയ്ത മെറ്റലിന്റെ അളവ് | അളവുപുസ്തകം പ്രകാരം സ്റ്റാക്ക് ചെയ്ത ഗ്രാവലിന്റെ അളവ് |
|---|---|---|---|---|---|

| | ചെലവ് വിവരം. | ചെയ്ത 40mm മെറ്റലിന്റെ അളവ് | ചെയ്ത ഗ്രാവലിന്റെ അളവ്. | | |
|---|---|---|---|---|---|
| 1. | 11-ാം വാർഡിൽ പുത്തൻമഠം - തണ്ടാശ്ശേരിൽ നടപ്പാത കോൺക്രീറ്റിംഗ് - ഭാഗം-I<br>എം ബുക്ക്<br>No.16/18-19,<br>കരാറുകാരൻ- N.വിജയൻ, വിഷ്ണുഭവൻ.<br>RC/69129 | 25.5$m^3$ | 24.50$m^3$ | 28.06$m^3$ | 26.95$m^3$ |
| 2 | 11-ാം വാർഡിൽ പുത്തൻമഠം - തണ്ടാശ്ശേരിൽ നടപ്പാത കോൺക്രീറ്റിംഗ് - ഭാഗം-II<br>എം. ബുക്ക്<br>No.383/18-19,<br>കരാറുകാരൻ- N.വിജയൻ, വിഷ്ണുഭവൻ.<br>RC/70960 | 32$m^3$ | 11$m^3$ | 34.80$m^3$ | 14.28$m^3$ |

മേൽ രേഖപ്പെടുത്തിയ വസ്തുതകളിൽ നിന്നും, യഥാർത്ഥത്തിൽ വിതരണം ചെയ്തതുമായി യാതൊരു ബന്ധവുമില്ലാത്ത രീതിയിൽ ആണ് പ്രവർത്തി നിർവ്വഹണത്തിന്റെ ആധികാരിക രേഖയായ അളവുപുസ്തകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/2019-20) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരന്റെ ബില്ലിൽ യഥാർത്ഥ മെറ്റീരിയലിന്റെ അളവാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും, മെറ്റീരിയൽസ് സൈറ്റിൽ ഇറക്കുമ്പോഴും സ്റ്റാക്ക് ചെയ്യുമ്പോഴും അളവിൽ വർദ്ധനവ് ഉണ്ടാകുന്നവെന്നും, ഈ അളവാണ് സ്റ്റാക്ക് മെഷർമെന്റിൽ കൂടുതലായി രേഖപ്പെടുത്തിയിട്ടുള്ളതെന്നു, അതിൽ നിന്നും 7.5% വോയിഡ്സ് കറവ് ചെയ്തുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. കരാറുകാരൻ വാഹനത്തിൽ കൊണ്ടുവരുന്ന അളവിൽ കൂടുതൽ സൈറ്റിൽ ഇറക്കുമ്പോഴും സ്റ്റാക്ക് ചെയ്യുമ്പോഴും ഉണ്ടാകുന്നവെന്ന വാദം യുക്തിക്ക് നിരക്കുന്നതല്ല. അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുന്ന പ്രവർത്തിയുടെയും, ചെയ്യുന്ന പ്രവർത്തിയുടെയും വിവരത്തിന്റെ ആധികാരികത ഫയലിനോടൊപ്പമുള്ള മറ്റ് ചെലവ് രേഖകളെ സാധൂകരിക്കുന്ന രീതിയിലാണ് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-24 MGNREGS-വൌച്ചറിൽ തുക തിരുത്തി അധികം തുക കൈപ്പറ്റി

FTO No.914685, Dt.23-06-21, Rs.2000/-

2-ാം വാർഡ് തോട് ആഴം കൂട്ടി കയർഭൂവസ്ത്രം ഉപയോഗിച്ച് മാടി പിടിപ്പിക്കൽ (WC-360470) എന്ന ഈ പ്രവർത്തിയിൽ കയർഭൂവസ്ത്രം മുളയാണി വെച്ച് ഉറപ്പിക്കുന്നതിന് ആവശ്യമായ മുള നൽകിയത് ദീപ, തണ്ടത്തേത്ത് എന്നയാളാണ്. ടിയാരി മുളയുടെ വിലയിനത്തിലുള്ള തുകയായി 1000/-രൂപ ശ്രീമതി ലത, രതഭവനം എന്നയാളിൽ നിന്നും കൈപ്പറ്റി എന്ന് കാണിച്ച് 22/12/20 ൽ നൽകിയ കൈപ്പറ്റ് രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ടി രസീതിൽ 1000/-രൂപ എന്നത് പേനയ്ക്ക് തിരുത്തി, അതിന് മുകളിലൂടെ 2000/-രൂപ എന്നാക്കിയിരിക്കുകയാണ്. തുക അക്ഷരത്തിൽ രേഖപ്പെടുത്തിയിട്ടുമില്ല. 2000/-രൂപ കൈപ്പറ്റി എന്ന് കാണിച്ച് ലത, രതഭവനം എന്നയാൾ നൽകിയ മറ്റൊരു രസീതും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ രസീതിലും 1000/-രൂപ എന്നത് പേനയ്ക്ക് തിരുത്തി, അതിന് മുകളിലൂടെ 2000/-രൂപ

എന്നാക്കിയിരിക്കുകയാണ്. തുക അക്ഷരത്തിൽ രേഖപ്പെടുത്തിയിട്ടുമില്ല. FTO പ്രകാരം നൽകിയിട്ടുള്ള 2000/-രൂപ ലത എന്നയാളുടെ അക്കൌണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. ലതയുടെ അക്കൌണ്ടിൽ വന്ന തുക പണമായി ദീപയ്ക്ക് കൈമാറിയിരിക്കുകയാണ്.

ദീപ, തണ്ടത്തേത്ത് നൽകിയ 1000/-രൂപയുടെ വൌച്ചറിൽ 2000/- രൂപ എന്ന് തിരുത്തൽ വരുത്തി മേറ്റായ ലത തുക കൈപ്പറ്റുകയും, ദീപയ്ക്ക് 1000/-രൂപ നൽകിയ ശേഷം ദീപ നൽകിയ കൈപ്പറ്റ് രസീതിൽ തിരുത്തൽ വരുത്തി 2000/- രൂപ എന്നാക്കുകയുമാണ് ചെയ്തിട്ടുള്ളത് എന്ന് ടി രസീതുകളിൽ നിന്നും വ്യക്തമാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/2019-20) ലഭ്യമാക്കിയ മറുപടിയിൽ രണ്ടാം വാർഡിൽ രണ്ട് മേറ്റുമാരുടെ നേതൃത്വത്തിൽ രണ്ട് റീച്ചുകളിൽ ആയി നടന്ന പ്രവർത്തിയാണിതെന്നും ഒരേ പ്രവർത്തിക്ക് രണ്ട് വ്യക്തികളുടെ പേരിൽ തുക നൽകുവാൻ അസൌകര്യം ഉള്ളതിനാൽ ടി വൌച്ചറുകൾ ഒരുമിച്ച് രണ്ട് വൌച്ചറുകൾ ആക്കി തിരുത്തുകയായിരുന്നുവെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മുള നൽകിയ വ്യക്തിയുടെ അക്കൌണ്ടിലേക്ക് പണം നൽകാതെ മേറ്റിന്റെ അക്കൌണ്ടിലേക്ക് കൂടുതൽ തുക നൽകുകയും ഗുണഭോക്താവ് നൽകിയ വൌച്ചർ തിരുത്തുകയും ചെയ്തതിന് നൽകിയ ഈ മറുപടി അംഗീകരിക്കുന്നില്ല. ക്രമ വിരുദ്ധമായി അധികം പിൻവലിച്ച 1000/-രൂപ സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-25 MGNREGS-കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ നൽകിയിട്ടുള്ള ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ള GST, നൽകിയതിനോ ഒടുക്കിയതിനോ രേഖകളില്ല

2019-20 വർഷം നടപ്പിലാക്കിയ കയർ ഭൂവസ്ത്രം വിരിക്കൽ എന്ന പദ്ധതി പ്രകാരം കയർ ഭൂവസ്ത്രം വിരിച്ചിട്ടുള്ള ചുവടെ രേഖപ്പെടുത്തിയിട്ടുള്ള പ്രവർത്തികൾക്ക് വേണ്ടി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ നിന്നും വാങ്ങിയിട്ടുള്ള കയർഭൂവസ്ത്രത്തിന്റെ വിലയിനത്തിൽ കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള ബില്ലിൽ CGST, SGST ഇനത്തിൽ യഥാക്രമം 2.5% വീതം നികുതിയും ഉൾപ്പെടുത്തിയുള്ള ബില്ലാണ് നൽകിയിട്ടുള്ളത്. എന്നാൽ കയർ കോർപ്പറേഷന് തുക നൽകിയപ്പോൾ ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ള നികുതി ഈടാക്കുകയോ, നികുതി ഉൾപ്പെടെയുള്ള തുക കോർപ്പറേഷന് നൽകുകയോ ചെയ്തിട്ടില്ല. ഫയലിൽ സൂക്ഷിച്ചിട്ടുള്ള ബില്ലിന്റെയും നൽകിയ തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര് | ബില്ലിന്റെ ഇൻവോയിസ് നമ്പരും,തുകയും (5 % നികുതി ഉൾപ്പെടെ) | നൽകിയ തുകയും, FTO വിവരങ്ങളും. | വ്യത്യാസം |
|---|---|---|---|
| 1-ാം വാർഡ് തോട് ആഴം കൂട്ടി കയർഭൂവസ്ത്രം ഉപയോഗിച്ച് മാടി പിടിപ്പിക്കൽ (WC-360388 ) | CC/IG/213 Dt.14/05/20, Rs143325/- | 136500/-, FTO -955185/29-03-21 | 6825/- |
| 4-ാം വാർഡ് തോട് ആഴം കൂട്ടി കയർഭൂവസ്ത്രം ഉപയോഗിച്ച് മാടി പിടിപ്പിക്കൽ (WC-360388) | 1) CC/IG/209 Dt.14/05/20, Rs163800/- 2)CC/IG/209 Dt.14/05 /20,Rs68250/- | 221000/-FTO 955201 Dt. 14/05/20 | 11050/- |
| 2-ാംവാർഡ് തോട് ആഴം കൂട്ടി കയർഭൂവസ്ത്രം ഉപയോഗിച്ച് മാടി പിടിപ്പിക്കൽ (WC-360470 ) | CC/IG/2826 Dt.24/02/20, Rs.170625/- | 162435/- FTO 955212 Dt.14-05-20 | 8190/- |

ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ള നികുതി സ്ഥാപനത്തിൽ പിടിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും, ബില്ലിൽ രേഖപ്പെടുത്തിയ നികുതി കയർ കോർപ്പറേഷൻ നേരിട്ട് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും

ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/2019-20) ലഭ്യമാക്കിയ മറുപടി SECURE സോഫ്റ്റ്‌വെയറിൽ LMR Rate ആണ് അപ്‌ലോഡ് ചെയ്തതെന്നും, ആയതിനാൽ GST വീണ്ടും എന്റർ ചെയ്യുന്നതിനുള്ള ഓപ്ഷൻ MIS ൽ ഇല്ല എന്നുമാണ്. എന്നാൽ ആയത് സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

കയർഭൂവസ്ത്രം വാങ്ങിയ ഇനത്തിൽ സംസ്ഥാന നികുതി വകുപ്പിന് നികുതി നഷ്ടം ഉണ്ടായിട്ടില്ലായെന്ന് ഉറപ്പു വരുത്തുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-26 MGNREGS- തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ കോൺക്രീറ്റിംഗ് റോഡ് നിർമ്മാണ പ്രവർത്തികൾക്ക് നാളിതുവരെ മെറ്റീരിയൽ വില നൽകിയില്ല

2019-20 വർഷം MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിച്ച ചുവടെ ചേർത്തിട്ടുള്ള റോഡ് കോൺക്രീറ്റിംഗ് എന്ന നിർമ്മാണ പ്രവർത്തികളിൽ, ഹാജരാക്കിയ രേഖകൾ പ്രകാരം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ഫയൽ പരിശോധിച്ചതിൽ ഈ പ്രവർത്തിക്കായി മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരന് നാളിതുവരെയും തുക അനുവദിച്ചിട്ടില്ലായെന്ന് കണ്ടു. (FTO റിപ്പോർട്ട് പ്രകാരം സെക്കൻഡ് സിഗ്നേച്ചറി തുക പാസ്സാക്കിയിട്ടില്ല) വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ വിശദവിവരം | ആകെ ചെലവ് | കരാറുകാരന്റെ പേരിൽ ജനറേറ്റ് ചെയ്തിട്ടുള്ള വിവിധ FTO പ്രകാരം കരാറുകാരന് നൽകാനുള്ളത് (മെറ്റീരിയൽ വില + വിദഗ്ധ തൊഴിലാളികളുടെ കൂലി) |
|---|---|---|
| 3-ാം വാർഡിൽ ഐശ്വര്യ പ്രദായിനി - കണ്ണാട്ടു മുക്ക് നടപ്പാത കോൺക്രീറ്റിംഗ്- ഭാഗം -1<br>വർക്ക് കോഡ് നം.RC-69973<br>കരാറുകാരൻ- എൻ.വിജയൻ, അളവ് പുസ്തകം - 602/19-20<br>അളവ് പുസ്തകം പ്രകാരം പൂർത്തീകരിച്ച തീയതി-15-07-19 | 1269623/- | 1181675/- |
| 3-ാം വാർഡിൽ ഐശ്വര്യ പ്രദായിനി - കണ്ണാട്ടു മുക്ക് നടപ്പാത കോൺക്രീറ്റിംഗ്- ഭാഗം -2<br>വർക്ക് കോഡ് നം.RC-69974<br>കരാറുകാരൻ - എൻ. വിജയൻ,<br>അളവ് പുസ്തകം - 407/18-19<br>അളവ് പുസ്തകം പ്രകാരം പൂർത്തീകരിച്ച തീയതി-28-06-19 | 969716/- | 917777/- |

| | | |
|---|---|---|
| | | |
| ആകെ നൽകാനുള്ളത് | | 2099452/- |

ഈ രണ്ടു പ്രവർത്തികളിലും അവിദഗ്ധ തൊഴിലാളികളുടെ വേതനമിനത്തിൽ കൂലി നൽകിയിട്ടുണ്ട്. വിദഗ്ധ തൊഴിലാളികളുടെ കൂലിയും, മെറ്റീരിയൽ വിലയിനത്തിലുമുള്ള തുകയും രണ്ടു വർഷം കഴിഞ്ഞിട്ടും നൽകാതിരുന്നത് സംബന്ധിച്ചും, കരാറുകാരൻ നാളിതുവരെയും ഈ തുക ആവശ്യപ്പെടാതിരുന്നത് സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.20/2019-20 ) ലഭ്യമാക്കിയ മറുപടിയിൽ 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ഈ പ്രവർത്തികൾക്ക് ടെക്നിക്കൽ സാങ്ഷൻ നൽകേണ്ടിയിരുന്നത് ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ആയിരുന്നുവെന്നും എന്നാൽ പഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയർ ടെക്നിക്കൽ സാങ്ഷൻ നൽകിയതിനാൽ ബ്ലോക്കിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ചെക്ക് മെഷർ ചെയ്തു നൽകാൻ തയ്യാറായില്ലായെന്നും, തുടർന്ന് MGNREGS അസിസ്റ്റന്റ് എൻജിനീയർ പാർട്ട് ബിൽ ആയി ചെക്ക് മെഷർ ചെയ്യുകയാണ് ഉണ്ടായതെന്നും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ചെക്ക് മെഷർമെന്റ് നടത്തിയിട്ടില്ല എന്ന അപാകത ഉള്ളതിനാലാണ് കരാറുകാരന് മെറ്റീരിയൽ വില നൽകാതിരുന്നതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കരാറുകാരൻ നാളിതുവരെയും തുക ആവശ്യപ്പെട്ട് സമീപിച്ചിട്ടില്ലായെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 50000 രൂപയിൽ കൂടുതലുള്ള പ്രവർത്തികളുടെ അളവ് അസിസ്റ്റന്റ് എൻജിനീയർ രേഖപ്പെടുത്തേണ്ടതും, മേലളവ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹിക്കേണ്ടതുമാണ്. പ്രസ്തുത ചട്ടങ്ങളിലെ ഉപചട്ടം 6 പ്രകാരം അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയ അളവുകളെ അടിസ്ഥാനമാക്കിയും ഗുണമേന്മ ഉറപ്പു വരുത്തിയും മാത്രമെ കരാറുകാർക്ക് ഭാഗിക പേമെന്റും, ഫൈനൽ പേമെന്റും നൽകാവൂ. നിലവിലുള്ള നിയമം ഇപ്രകാരം അനുശാസിക്കുമ്പോൾ ആയതിന് വിരുദ്ധമായി അധികാരക്ഷമതയുള്ള അധികാര സ്ഥാനത്തുനിന്നും ടെക്നിക്കൽ സാങ്ഷൻ വാങ്ങാതെയും, ചെയ്ത പ്രവർത്തികൾ ചെക്ക് മെഷർ ചെയ്യാതെയും അവിദഗ്ധ തൊഴിലാളികളുടെ വേതനം ഉൾപ്പെടെ തുക ചെലവഴിച്ചത് ഗുരുതരമായ ക്രമക്കേടാണ്. MGNREGS പദ്ധതികളുടെ നിർവ്വഹണം മതിയായ സൂക്ഷ്മ പരിശോധന ഇല്ലാതെയും, സുതാര്യവുമായല്ല നിർവ്വഹിക്കപ്പെടുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ടി രണ്ടു പ്രവർത്തികളിലായി മെറ്റീരിയൽ വിലയിനത്തിൽ ഏകദേശം 21 ലക്ഷം രൂപയാണ് കരാറുകാരന് നൽകുവാനുള്ളത്. പ്രവർത്തി നിർവ്വഹിച്ച് രണ്ടു വർഷം കഴിഞ്ഞിട്ടും കരാറുകാരന് തുക നൽകാൻ കഴിയാത്ത സാഹചര്യം നിയമക്കുരുക്കിലേക്കും, അതുവഴി അനാവശ്യ ചെലവിനും കൂടി കാരണമാകുന്നു. മേൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, ചെയ്ത പ്രവർത്തികൾ അധികാരക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് മേലളവ് രേഖപ്പെടുത്തിയതിന് ശേഷം മാത്രം തുക അനുവദിക്കേണ്ടതാണ്. MGNREGS പദ്ധതികളുടെ നിർവ്വഹണത്തിലുള്ള ഈ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-27 കറവപശു പരിപാലനം-അപാകതകൾ

2019-20 സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്നും 338375/-രൂപ വകയിരുത്തി വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ സ്പിൽഓവർ പ്രോജക്ടാണ് കറവപശു പരിപാലനം. ( പ്രോജക്ട് നംS 0080/20).

ചെലവ് വിവരം ചുവടെ കൊടുക്കുന്നു.

ബിൽ നം.3/19-20/9.5.19 തുക.337500/-

മുരിങ്ങച്ചിറ ക്ഷീരോൽപാദക സഹകരണസംഘം സെക്രട്ടറിയുടെ 40181002000003 നം.അക്കൗണ്ടിലേക്ക് 171000/-രൂപയും മുതുകുളം ക്ഷീരോൽപാദക സഹകരണസംഘം സെക്രട്ടറിയുടെ 40181002005367 നം.അക്കൗണ്ടിലേക്ക് 166500/- രൂപയും നൽകി. മിൽമയിൽ(Kerala Co-Operative Milk Marketing Federation Ltd,Cattle Feed Plant,Pattanakad) നിന്നും കാലിത്തീററ വാങ്ങിയ ബില്ലുകൾ ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.23 തീയതി. 15.12.21), പ്രോജക്ട് പ്രകാരമുള്ള കാലിത്തീറ്റ വാങ്ങിയ ബില്ലും ക്ഷീരസംഘത്തിൽ വിൽപനയ്ക്കുള്ള കാലിത്തീറ്റയുടെ ബില്ലും ഒരുമിച്ച് ബിൽ ചെയ്തുകൊണ്ടാണ് ഇതിനുള്ള ഇൻവോയ്സ് പ്രത്യേകം ഹാജരാക്കാതിരുന്നതെന്ന് മറുപടി നൽകി. എന്നാൽ ആയത് തെളിയിക്കുന്ന

ഇൻവോയ്സ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ചെലവ് തുക 337500/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 കറവപശു പരിപാലനം- ഇൻവോയ്സിനേക്കാൾ കൂടുതൽ തുക ക്ഷീരസംഘത്തിന് നൽകി

2019-20 സാമ്പത്തിക വർഷം വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടാണ് കറവപശു പരിപാലനം. (പ്രോജക്ട് നം.S 0056/20) ഫണ്ടിന്റെ വകയിരുത്തൽ ചുവടെ കൊടുക്കുന്നു.

| ഫണ്ട് | തുക |
|---|---|
| വികസനഫണ്ട്(പൊതുവിഭാഗം) | 770000 |
| ധനകാര്യകമ്മീഷൻ അവാർഡ് | 30000 |
| ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടവാക്കുന്നത്) | 1184000 |
| ആകെ അടങ്കൽ | 1984000 |

സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് വിവരം ചുവടെ കൊടുക്കുന്നു.

ന്നു.

| ഫണ്ട് | തുക |
|---|---|
| വികസനഫണ്ട്(പൊതുവിഭാഗം) | 116000 |
| ധനകാര്യകമ്മീഷൻ അവാർഡ് | 0 |
| ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടവാക്കുന്നത്) | 630930 |
| ആകെ അടങ്കൽ | 746930 |

ക്ഷീരകർഷകർക്ക് കാലിത്തീറ്റ 50% സബ്സിഡി നിരക്കിൽ നൽകുന്നു.

പ്രോജക്ട് നടപ്പാക്കിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

I)116 കർഷകർക്ക് 2019 നവംബർ മാസം 100 കിലോഗ്രാം വീതം കാലിത്തീറ്റ (232 ബാഗ്) വിതരണം ചെയ്ത ഇനത്തിൽ 277240/- രൂപ അനുവദിക്കണമെന്ന സംഘം സെക്രട്ടറിയുടെ അപേക്ഷയുണ്ട്. മിൽമയുടെ (Kerala Co-Operative Milk Marketing Federation Ltd, Cattle Feed Plant, Pattanakad) കാലിത്തീറ്റ വാങ്ങിയ ബില്ലിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| Invoice No./date | Item | Unit Price/ Bag | No. Of Bag | Gross Value |
|---|---|---|---|---|
| 3/12537/1/5.11.19 | Gomathi Rich Green | 1113 | 200 | 222600 |
| 3/13153/1 | Gomathi Rich Green | 1113 | 32 | 35616 |
| Total | | | | 258216 |

തുക നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | മുരിങ്ങച്ചിറസംഘം സെക്രട്ടറി | ബിൽവിവരം | ഫണ്ട് |
|---|---|---|---|
| I | 116000 | ബിൽ നം.4/19-20/20.1.21 തുക.116000/- | വികസനഫണ്ട് |
| 2 | 161240 | ചെക്ക് നം.2101321/3.12.20 | ഗുണഭോക്തൃവിഹിതം |
| ആകെ | 277240 | | |

II) 147 കർഷകർക്ക് 2019 ഡിസംബർ മാസം 100 കിലോഗ്രാം വീതം കാലിത്തീറ്റ (294 ബാഗ്) നൽകിയ ഇനത്തിൽ 351330/-രൂപ (294X1195) അനുവദിക്കണമെന്ന സംഘം സെക്രട്ടറിയുടെ അപേക്ഷയുണ്ട്. മിൽമയുടെ (Kerala Co-Operative Milk Marketing Federation Ltd,Cattle Feed Plant,Pattanakad) കാലിത്തീറ വാങ്ങിയ ബില്ലിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| Invoice No./Date | Item | Unitprice/ Bag | No. Of Bag | Gross Value |
|---|---|---|---|---|
| 3/14265/1/2.12.19 | Gomathi Rich Green | 1113 | 60 | 66780 |
| 3/15016/1/14.12.19 | Gomathi Rich Green | 1113 | 200 | 222600 |
| 3/15838/1/27.12.19 | Gomathi Rich Green | 1158 | 34 | 39372 |
| Total | | | | 328752 |

തുക നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | മുരിങ്ങച്ചിറസംഘം സെക്രട്ടറി | ബിൽവിവരം | ഫണ്ട് |
|---|---|---|---|
| 1 | 204330 | ചെക്ക് നം.014241/ 4.2.20 | ഗുണഭോക്തൃവിഹിതം |
| ആകെ | 204330 | | |

III)144 കർഷകർക്ക് 2020 ജനുവരി മാസം 100 കിലോഗ്രാം വീതം കാലിത്തീറ്റ (288ബാഗ്) നൽകിയ ഇനത്തിൽ 344160/-രൂപ (288X1195) അനുവദിക്കണമെന്ന സംഘം സെക്രട്ടറിയുടെ അപേക്ഷയുണ്ട്. മിൽമയുടെ(Kerala Co-Operative Milk Marketing Federation Ltd,Cattle Feed Plant, Pattanakad) കാലിത്തീറ വാങ്ങിയ ബില്ലിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| Invoice No/Date | Item | Unitprice/ Bag | No Of Bag | Gross Value |
|---|---|---|---|---|
| 3/16807/1/14.1.20 | Gomathi Rich Green | 1153 | 220 | 253660 |
| 3/17812/1/31.1.20 | Gomathi Rich Green | 1153 | 68 | 78404 |
| Total | | | | 332064 |

തുക നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | മുരിങ്ങച്ചിറസംഘം സെക്രട്ടറി | ബിൽവിവരം | ഫണ്ട് |
|---|---|---|---|
| I | 200160 | ചെക്ക്നം.2704615/23.3.20തുക.40032/-<br>ചെക്ക്നം.2704616/23.3.20തുക.40032/-<br>ചെക്ക്നം.2704617/23.3.20തുക.40032/- | ഗുണഭോക്തൃവിഹിതം |

| | | | |
|---|---|---|---|
| | | ചെക്ക്നം.2704618/23.3.20തുക.40032/-<br>ചെക്ക്നം.2704619/23.3.20തുക.40032/- | |
| ആകെ | | 200160/- | |

IV)153 കർഷകർക്ക് 2020 ഫെബ്രുവരി മാസം 100 കിലോഗ്രാം വീതം കാലിത്തീറ്റ (306ബാഗ്) നൽകിയ ഇനത്തിൽ 379440/-രൂപ (306X1240) അനുവദിക്കണമെന്ന സംഘം സെക്രട്ടറിയുടെ അപേക്ഷയുണ്ട്. മിൽമയുടെ (Kerala Co-Operative Milk Marketing Federation Ltd, Cattle Feed Plant, Pattanakad) കാലിത്തീറ്റ വാങ്ങിയ ബില്ലിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| Invoice No./Date | Item | Unitprice/ Bag | No Of Bag | Gross Value |
|---|---|---|---|---|
| 3/18896/1/17.2.20 | Gomathi Rich Green | 1153 | 200 | 230600 |
| Total | | | | 230600 |

തുക നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | മുരിങ്ങച്ചിറസംഘം സെക്രട്ടറി | ബിൽവിവരം | ഫണ്ട് |
|---|---|---|---|
| 1 | 226440 | ചെക്ക് നം. 2704610/23.3.20 തുക.45288/-<br>ചെക്ക് നം. 2704611/ 23.3.20 തുക.45288/-<br>ചെക്ക് നം. 2704612/23.3.20തുക.45288/-<br>ചെക്ക് നം. 2704613/23.3.20തുക.45288/-<br>ചെക്ക് നം. 2704614/23.3.20തുക.45288/- | ഗുണഭോക്തൃവിഹിതം |
| ആകെ | | 226440/- | |

സംഘം സെക്രട്ടറിക്ക് നൽകിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| സെക്രട്ടറിയുടെ അപേക്ഷ പ്രകാരം ക്രമനം I മുതൽ IV വരെ കാലിത്തീറ്റയുടെ വില | നൽകിയ തുക | | നൽകുവാൻ ബാക്കിയുള്ളത് |
|---|---|---|---|
| | വികസനഫണ്ട് | ഗുണഭോക്തൃവിഹിതം | |
| 1352170/-<br>(277240+351330+344160+379440) | 116000/- | 792170<br>(161240+204330+<br>200160+226440) | 444000 (ഈ തുക 2020-21 വർഷം വികസനഫണ്ടിൽ നിന്നും S0016/21, കറവപശുപരിപാലനം എന്ന സ്പിൽഓവർ പ്രോജക്ട് വഴി നൽകി.) |

ബിൽപ്രകാരമുള്ള തുകയും സംഘം സെക്രട്ടറിയുടെ അപേക്ഷ പ്രകാരമുള്ള തുകയും സെക്രട്ടറിക്ക് നൽകിയ തുകയും താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽപ്രകാരമുള്ള തുക | സെക്രട്ടറിയുടെ അപേക്ഷ പ്രകാരമുള്ള തുക | നൽകിയ തുക | അപേക്ഷ പ്രകാരം അധികം നൽകിയ തുക | അപേക്ഷ പ്രകാരം ബാക്കി നൽകാനുള്ള തുക |
|---|---|---|---|---|---|
| I | 258216 | 277240 | 277240 | 19024 | 0 |

| | | | | | |
|---|---|---|---|---|---|
| II | 328752 | 351330 | 204330 | 0 | 147000 |
| III | 332064 | 344160 | 200160 | 0 | 144000 |
| IV | 230600 | 379440 | 226440 | 0 | 153000 |
| | 1149632 | 1352170 | 908170 | 19024 | 444000 |

സംഘം സെക്രട്ടറിക്ക് നൽകിയ തുകയുടെ വിവരത്തിന്റെ സംക്ഷിപ്തം ചുവടെ കൊടുക്കുന്നു.

| സെക്രട്ടറിയുടെ അപേക്ഷ പ്രകാരം ക്രമനം I മുതൽ IV വരെ കാലിത്തീറ്റയുടെ വില | നൽകിയ തുക | | സാമ്പത്തികവർഷം |
|---|---|---|---|
| | വികസനഫണ്ട് | ഗുണഭോക്തൃവിഹിതം | |
| 1352170 | 116000 | 792170 | 2019-20 |
| | 444000<br>(1)ബിൽ.5/22.4.20 തുക.147000<br>(2)ബിൽ./18.6.20 തുക.297000 | | 2020-21 |

അപാകതകൾ ചുവടെ കൊടുക്കുന്നു.

മിൽമയുടെ ബില്ലുകൾ പ്രകാരം 2019-20 സാമ്പത്തികവർഷം കാലിത്തീറ്റയുടെ വില 1149632/-രൂപയാണ്. എന്നാൽ മുരിങ്ങച്ചിറ ക്ഷീരോൽപാദക സഹകരണസംഘം സെക്രട്ടറിയുടെ അപേക്ഷകൾ പ്രകാരം 2019-20 വർഷം 908170/-രൂപയും 2020-21 വർഷം 444000/-രൂപയും ചേർത്ത് ഒട്ടാകെ 1352170/- രൂപ അനുവദിച്ച് നൽകി.202538/- രൂപ അധികം നൽകിയതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21 തീയതി. 15.12.21), ഫീഡ് കമ്മീഷനായി ക്ഷീരസംഘത്തിന് ലഭിച്ച തുകയാണ് 202538/- എന്നും, ഫീഡ് കമ്മീഷൻ കഴിച്ച തുകയാണ് മിൽമ ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും, ഈ കാര്യങ്ങൾ സംഘം സെക്രട്ടറി സമർപ്പിച്ച കരാറിൽ വ്യക്തമാക്കിയിട്ടുള്ളതാണെന്നും മറുപടി ലഭ്യമാക്കി. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ കരാർ ഹാജരാക്കിയിട്ടില്ല. പ്രോജക്ടിൽ ഉൾപ്പെടുത്താതെ മിൽമയുടെ ഇൻവോയ്സിൽ രേഖപ്പെടുത്താത്ത തുക സെക്രട്ടറിയുടെ അപേക്ഷ പരിഗണിച്ച് നൽകിയ നടപടി ക്രമവിരുദ്ധമാണ്. കരാർ രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ അധികം നൽകിയ തുക 202538/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 കറവപശു പരിപാലനം-പട്ടികജാതി- കാലിത്തീറ്റ വാങ്ങിയ ബില്ല് ഹാജരാക്കിയില്ല

2019-20 സാമ്പത്തിക വർഷം വികസനഫണ്ട്(എസ്.സി.പി)യിൽ നിന്നും 50000/-രൂപയും ഗുണഭോക്തൃ വിഹിതം 500/-രൂപയും ആകെ അടങ്കൽ 50500/-രൂപ വകയിരുത്തി വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ സ്പിൽഓവർ പ്രോജക്ടാണ് കറവപശു പരിപാലനം-പട്ടികജാതി (പ്രോജക്ട് നം.S 0077/20).

ചെലവ് വിവരം ചുവടെ കൊടുക്കുന്നു.

ബിൽ നം.2/19-20/9.5.19 തുക.40500/-

മുരിങ്ങച്ചിറ ക്ഷീരോൽപാദക സഹകരണസംഘം സെക്രട്ടറിയുടെ 40181002000003 നം.അക്കൗണ്ടിലേക്ക് 40500-രൂപനൽകി. മിൽമയിൽ (Kerala Co-Operative Milk Marketing Federation Ltd, Cattle Feed Plant, Pattanakad) നിന്നും കാലിത്തീററ വാങ്ങിയ ബില്ലുകൾ ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.24 തീയതി. 15.12.21), പ്രോജക്ട് പ്രകാരമുള്ള കാലിത്തീറ്റ വാങ്ങിയ ബില്ലും ക്ഷീരസംഘത്തിൽ വിൽപനയ്ക്കുള്ള കാലിത്തീറ്റയുടെ ബില്ലും ഒരുമിച്ച് ബിൽ ചെയ്തുകൊണ്ടാണ് ഇതിനുള്ള ഇൻവോയ്സ് പ്രത്യേകം ഹാജരാക്കാതിരുന്നതെന്ന് മറുപടി നൽകി. എന്നാൽ ആയത് തെളിയിക്കുന്ന ഇൻവോയ്സ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ചെലവ് തുക 40500/- തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

—

ഇല്ല

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 MGNREGS-മെറ്റീരിയൽ പ്രവർത്തികളിൽ കരാറുകാരൻ സപ്ലൈ ചെയ്ത അളവിനെക്കാൾ അധികം അളവുപുസ്തകത്തിൽ സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തി -അധികം തുക ചെലവഴിച്ചു

MGNREGS ൽ ഉൾപ്പെടുത്തി 2019 -20 വർഷം നിർവ്വഹിച്ച കോൺക്രീറ്റ് റോഡ് നിർമ്മാണ പ്രവർത്തികളിൽ കരാറുകാരൻ മെറ്റീരിയൽസ് സപ്ലൈ ചെയ്തതായി ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളതിനെക്കാൾ അധികം അളവിൽ മെറ്റീരിയൽസ് സ്റ്റാക്ക് ചെയ്തതായി അളവുപുസ്തകം പ്രകാരം രേഖപ്പെടുത്തി കരാറുകാരന് അധികം തുക നൽകി. ഇപ്രകാരം അധികം തുക ചെലവഴിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ വിശദാംശം. | ബിൽ പ്രകാരം കരാറുകാരൻ സപ്ലൈ ചെയ്ത 40 Mm മെറ്റലിന്റെ അളവ്./ നൽകിയ തുക (2032/ $M^3$) (5% Tax Extra) | എം ബുക്കിൽ സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള 40 Mm മെറ്റലിന്റെ അളവ്. | 7.5% വോയിഡ്സ് കുറവ് ചെയ്തതിന് ശേഷം അനുവദനീയമായ അളവ്/ തുക | അധികം നൽകിയ തുകയുടെ വിവരം |
|---|---|---|---|---|
| 11-ാം വാർഡിൽ പുത്തൻമഠം - തണ്ടാശ്ശേരിൽ നടപ്പാത കോൺക്രീറ്റിംഗ് - ഭാഗം-II എം ബുക്ക് No.383/18-19, കരാറുകാരൻ- N.വിജയൻ, വിഷ്ണുഭവൻ. RC/70960 | 32 $M^3$/65024 | 34.80$m^3$ | 29.6$m^3$/ 60147 | 4877/- (65024- 60147) |
| 11-ാം വാർഡിൽ പുത്തൻമഠം - തണ്ടാശ്ശേരിൽ നടപ്പാത കോൺക്രീറ്റിംഗ് - ഭാഗം-I എം ബുക്ക് No.16/18-19, കരാറുകാരൻ- N.വിജയൻ, വിഷ്ണുഭവൻ. RC/69129 | 25.5$m^3$ / 51816/- | 28.06$m^3$ | 23.58$m^3$/ 47914/- | 3902/-(51816 - 47914 ) |
| | | | ആകെ | 8779/- |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/2019-20) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരന്റെ ബില്ലിൽ യഥാർത്ഥ മെറ്റീരിയലിന്റെ അളവാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും, മെറ്റീരിയൽസ് സൈറ്റിൽ ഇറക്കുമ്പോഴും സ്റ്റാക്ക് ചെയ്യുമ്പോഴും അളവിൽ വർദ്ധനവ് ഉണ്ടാകുന്നുവെന്നും, ഈ അളവാണ് സ്റ്റാക്ക് മെഷർമെന്റിൽ കൂടുതലായി രേഖപ്പെടുത്തിയിട്ടുള്ളതെന്നും, അതിൽ നിന്നും 7.5% വോയിഡ്സ് കുറവ് ചെയ്തുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. കരാറുകാരൻ വാഹനത്തിൽ കൊണ്ടുവരുന്ന അളവിൽ കൂടുതൽ സൈറ്റിൽ ഇറക്കുമ്പോഴും സ്റ്റാക്ക് ചെയ്യുമ്പോഴും ഉണ്ടാകുന്നുവെന്ന വാദം യുക്തിക്ക് നിരക്കുന്നതല്ല. ആയതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ അധികം നൽകിയ 8779/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഈ തുക MGNREGS അക്രെഡിറ്റഡ് എൻജിനീയർ, സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 MGNREGS-ലൈഫ് ഭവനപദ്ധതി - അടിത്തറപോലും നിർമ്മിക്കാത്ത ഗുണഭോക്താവിന് തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള അധിക ധനസഹായം നൽകി

ലൈഫ് ഭവനപദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് അർഹരായിട്ടുള്ള ഗുണഭോക്താക്കൾക്ക്, അവർ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടവരാണെങ്കിൽ വീട് നിർമ്മാണത്തിന്റെ 4 ഘട്ടങ്ങളിലായി 90 ദിവസത്തെ വേതനം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുവാൻ ഉത്തരവുള്ളതിന്റെ അടിസ്ഥാനത്തിൽ 7-ാം വാർഡിൽ രവി.പി.കെ, പാണയിൽ വടക്കതിൽ എന്ന ഗുണഭോക്താവിന് MGNREGS പ്രകാരമുള്ള ആദ്യ ഗഡു അധിക ധനസഹായമായ 7588/- രൂപ (271x28 ദിവസം) ചുവടെ രേഖപ്പെടുത്തിയിട്ടുള്ള പ്രകാരം നൽകിയിട്ടുണ്ട്.

| മസ്റ്റർ റോൾ നം. | പ്രവർത്തി നിർവ്വഹിച്ച തീയതി | ആകെ ദിവസം | FT0 No., തീയതി, തുക |
|---|---|---|---|
| 6101 | 24-07-19മുതൽ 30-07-19 വരെ | 7 | FTO –43226/18-12-19, 1897/-രൂപ |
| 7158 | 08-08-19 മുതൽ 14-08-19 വരെ | 7 | FTO –161403/09-01-20, 1897/-രൂപ |
| 12420 | 18-10-19 മുതൽ 24-10-19 വരെ | 7 | FTO –178621/09-01-20, 1897/-രൂപ |
| 16165 | 07-12-19 മുതൽ 13-12-19 വരെ | 7 | FTO –305265/06-02-20, 1897/-രൂപ |
| | ആകെ | | 7588/- |

ലൈഫ് ഭവനപദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ മുതുകുളം സൌത്തിന് ഓഡിറ്റ് വേളയിൽ നൽകിയ 1-ാം നമ്പർ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, ടി ഗുണഭോക്താവ് ഭവനപദ്ധതിക്കായുള്ള ആനുകൂല്യത്തിന്റെ ഒന്നാംഗഡു കൈപ്പറ്റി നാളിതുവരെയും നിർമ്മാണം ആരംഭിച്ചിട്ടില്ലായെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നാളിതുവരെയും നിർമ്മാണം ആരംഭിക്കാത്ത പ്രവർത്തിക്കാണ് മേൽ രേഖപ്പെടുത്തിയ പ്രകാരം വിവിധ തീയതികളിൽ അളവുപുസ്തകത്തിൽ രേഖപ്പെടുത്തി അടിത്തറ നിർമ്മാണത്തിനുള്ള ആദ്യഗഡു അധിക സഹായം നൽകിയിട്ടുള്ളത്. ആയത് നിർവ്വഹണവുമായി ബന്ധപ്പെട്ട് ഹാജരാക്കുന്ന രേഖകളുടെ വിശ്വാസ്യതയെ തന്നെ ചോദ്യം ചെയ്യുന്നതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/2019-20) ലഭ്യമാക്കിയ മറുപടിയിൽ ടി ഗുണഭോക്താവ് മസ്റ്റർ റോൾ കൈപ്പറ്റിയപ്പോഴും, തിരികെ കൊണ്ടു വന്നപ്പോഴും പ്രവർത്തി ആരംഭിച്ചിരുന്നതായി അറിയിച്ചിരുന്നുവെന്നും പിന്നീട് ജിയോ ടാഗ് ഫോട്ടോ എടുക്കാൻ പോയപ്പോൾ ആണ് പ്രവർത്തി ആരംഭിച്ചില്ലായെന്നത് അറിയുന്നതെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. പ്രവർത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകളുടെ നിജസ്ഥിതി ഉറപ്പാക്കാതെ തുക നൽകിയത് ക്രമവിരുദ്ധമാണ്. ആയതിനാൽ ടി മറുപടി അംഗീകരിക്കാവുന്നതല്ല. ഗുണഭോക്താവിന് നൽകിയ തുക തിരികെ ഈടാക്കി അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഈ തുക MGNREGS അക്രെഡിറ്റഡ് എൻജിനീയർ, സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 MGNREGS-കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിലുള്ള ഭൂവിസ്തൃതിയിൽ പ്രവർത്തി ചെയ്തതായി കാണിച്ച് അധിക വേതനം നല്കി

2019-20 വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ തോടുകൾക്ക് കയർഭൂവസ്ത്രം വിരിക്കൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, കയർഭൂവസ്ത്രം വിരിക്കൽ എന്ന ഇനം ജോലി നിർവ്വഹിച്ചപ്പോൾ തൊഴിലാളികൾക്ക് കൂലി ഇനത്തിൽ യഥാർത്ഥത്തിൽ ചെലവഴിക്കാവുന്നതിനെക്കാൾ അധികം തുക ചെലവഴിച്ചതായി കണ്ടു. കയർഭൂവസ്ത്രം വാങ്ങലുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളിലെല്ലാം (ഇനം 80.8.49-ൽ) തന്നെ ഒരു ചതു.മീറ്റർ വിസ്തൃതിയിൽ കയർഭൂവസ്ത്രം വിരിക്കുന്നതിനാവശ്യമായ കയർഭൂവസ്ത്രത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 1.05 ചതു.മീറ്റർ ആണ്. 2 മീറ്റർ വീതിയിലുള്ള കയർഭൂവസ്ത്രം 2.5 മീറ്റർ വീതിയിൽ വിരിക്കുമ്പോൾ രണ്ട് പീസുകൾ തമ്മിൽ ഓവർലാപ്പ് ചെയ്ത് മുളയാണി വെയ്ക്കുന്നതിനും, മുറിക്കുമ്പോൾ ഉണ്ടാകുന്ന വേസ്റ്റേജ് ക്രമീകരിക്കുന്നതിനും വേണ്ടി വരുന്ന അളവിലേക്കാണ് ചതു.മീറ്ററിൽ 0.05 വീതം അധികമായി ഭൂവസ്ത്രം ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ, കയർഭൂവസ്ത്രം വാങ്ങിയ അളവിലും കുറഞ്ഞ വിസ്തൃതിയിൽ മാത്രമേ ആയത് വിരിക്കാൻ സാധിക്കൂ. എന്നാൽ കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിൽ തന്നെ ജോലി ചെയ്തതായിട്ടാണ് ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ രേഖപ്പെടുത്തലുള്ളത്. എന്നാൽ ഇതനുസരിച്ചുള്ള അളവിൽ കയർഭൂവസ്ത്രം അധികമായി വാങ്ങിക്കാണുന്നില്ല. ആകെ വിസ്തൃതിയിൽ മാത്രമാണ് കയർഭൂവസ്ത്രം വാങ്ങിയിട്ടുള്ളത്. ഇപ്രകാരം കയർ ഭൂവസ്ത്രം വിരിക്കുന്നതിന് അധിക വേതനം (ഇനം.നം.80.8.63ൽ, ച.മീറ്ററിന് 66.666 രൂപ നിരക്കിൽ നല്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിശദ വിവരം/ വർക്ക് കോഡ് / M-book No./ | ഭൂവസ്ത്രം വാങ്ങിയത്. (ചതു.മീറ്റർ) | 1m² വിരിക്കുന്നതിന് 1.05m² എന്ന നിരക്കിൽ ഭൂവസ്ത്രം വിരിക്കാവുന്ന പരമാവധി വിസ്തൃതി.(m²) (ഭൂവിസ്തൃതി/1.05) | നല്കിയ തുക | നല്കാവുന്ന തുക | അധികം | ചെലവ് വിവരം. |
|---|---|---|---|---|---|---|
| 1-ാം വാർഡ് തോട് ആഴം കൂട്ടി കയർഭൂവസ്ത്രം ഉപയോഗിച്ച് മാടി പിടിപ്പിക്കൽ. WC-360388, 686/19-20 | 2100 | 2000 | 139986 | 133320 | 6666 | FTO- No. 47027dt.18/05/20 |
| 4-ാംവാർഡ് തോട് ആഴം കൂട്ടി കയർഭൂവസ്ത്രം ഉപയോഗിച്ച് മാടി പിടിപ്പിക്കൽ. WC-380472, 706/20-21 | 3400 | 3238 | 226644 | 215845 | 10798 | FTO- No. 59171dt.22/05/20, 2960/-<br>FTO- No. 59177dt.22/05/20, 28416/- |
| | | | | | | |
| ആകെ | | | | | 17464 | |

എൻക്വയറിക്ക് (14/2019-20) ലഭ്യമാക്കിയ മറുപടിയിൽ ആദ്യമായി ടി പ്രവർത്തി ഏറ്റെടുക്കുന്നതിനാൽ സമയബന്ധിതമായി പ്രവർത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലായെന്നും ആയതിനാലാണ് തൊഴിൽ ദിനങ്ങൾ അധികമായി ചെലവഴിക്കേണ്ടി വന്നതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി മറുപടി അംഗീകരിക്കാവുന്നതല്ല. അധികം ചെലവഴിച്ച തുക MGNREGS അക്രെഡിറ്റഡ് എൻജിനീയർ, സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 MGNREGS-വൌച്ചറിൽ തുക തിരുത്തി അധികം തുക കൈപ്പറ്റി

FTO No.914685, Dt.23-06-21, Rs2000/-

2-ാം വാർഡ് തോട് ആഴം കൂട്ടി കയർഭൂവസ്ത്രം ഉപയോഗിച്ച് മാടി പിടിപ്പിക്കൽ (WC-360470) എന്ന ഈ പ്രവർത്തിയിൽ കയർഭൂവസ്ത്രം മുളയാണി വെച്ച് ഉറപ്പിക്കുന്നതിന് ആവശ്യമായ മുള നൽകിയത് ദീപ, തണ്ടത്തേത്ത് എന്നയാളാണ്. ടിയാരി മുളയുടെ വിലയിനത്തിലുള്ള തുകയായി 1000/-രൂപ ശ്രീമതി ലത, രതതഭവനം എന്നയാളിൽ നിന്നും കൈപ്പറ്റി എന്ന് കാണിച്ച് 22/12/20 ൽ നൽകിയ കൈപ്പറ്റ് രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ടി രസീതിൽ 1000/-രൂപ എന്നത് പേനയ്ക്ക് തിരുത്തി, അതിന് മുകളിലൂടെ 2000/-രൂപ എന്നാക്കിയിരിക്കുകയാണ്. തുക അക്ഷരത്തിൽ രേഖപ്പെടുത്തിയിട്ടുമില്ല. 2000/-രൂപ കൈപ്പറ്റി എന്ന് കാണിച്ച് ലത, രതതഭവനം എന്നയാൾ നൽകിയ മറ്റൊരു രസീതും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ രസീതിലും 1000/-രൂപ എന്നത് പേനയ്ക്ക് തിരുത്തി, അതിന് മുകളിലൂടെ 2000/-രൂപ എന്നാക്കിയിരിക്കുകയാണ്. തുക അക്ഷരത്തിൽ രേഖപ്പെടുത്തിയിട്ടുമില്ല. FTO പ്രകാരം നൽകിയിട്ടുള്ള 2000/-രൂപ ലത എന്നയാളുടെ അക്കൌണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. ലതയുടെ അക്കൌണ്ടിൽ വന്ന തുക പണമായി ദീപയ്ക്ക് കൈമാറിയിരിക്കുകയാണ്. ചുരുക്കത്തിൽ ദീപ, തണ്ടത്തേത്ത് നൽകിയ 1000/-രൂപയുടെ വൌച്ചറിൽ 2000/- രൂപ എന്ന് തിരുത്തൽ വരുത്തി മേറ്റായ ലത തുക കൈപ്പറ്റുകയും, ദീപയ്ക്ക് 1000/-രൂപ നൽകിയ ശേഷം ദീപ നൽകിയ

കൈപ്പറ്റ് രസീതിൽ തിരുത്തൽ വരുത്തി 2000/- രൂപ എന്നാക്കുകയുമാണ് ചെയ്തിട്ടുള്ളത് എന്ന് ടി രസീതുകളിൽ നിന്നും വ്യക്തമാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/2019-20) ലഭ്യമാക്കിയ മറുപടിയിൽ രണ്ടാം വാർഡിൽ രണ്ട് മേറ്റുമാരുടെ നേതൃത്വത്തിൽ രണ്ട് റീച്ചുകളിൽ ആയി നടന്ന പ്രവർത്തിയാണിതെന്നും ഒരേ പ്രവർത്തിക്ക് രണ്ട് വ്യക്തികളുടെ പേരിൽ തുക നൽകുവാൻ അസൌകര്യം ഉള്ളതിനാൽ ടി വൌച്ചറുകൾ ഒരുമിച്ച് രണ്ട് വൌച്ചറുകൾ ആക്കി തിരുത്തുകയായിരുന്നുവെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മുള നൽകിയ വ്യക്തിയുടെ അക്കൌണ്ടിലേക്ക് പണം നൽകാതെ മേറ്റിന്റെ അക്കൌണ്ടിലേക്ക് കൂടുതൽ തുക നൽകുകയും ഗുണഭോക്താവ് നൽകിയ വൌച്ചർ തിരുത്തുകയും ചെയ്തതിന് നൽകിയ ഈ മറുപടി അംഗീകരിക്കുന്നില്ല. ടിയിനത്തിൽ 1000/-രൂപ ക്രമ വിരുദ്ധമായി അധികം പിൻവലിച്ച തുക സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-5 പി.എസ്.സി. പരീക്ഷകൾക്കുള്ള പരിശീലന പദ്ധതി- പ്രോജക്ടിന്റെ അടങ്കൽ തുകയേക്കാൾ അധികം ചെലവഴിച്ചു

പ്രോജക്ട് നം. S0085/20 പി.എസ്.സി. പരീക്ഷകൾക്കുള്ള പരിശീലന പദ്ധതി (സ്പിൽ ഓവർ)

നിർവ്വഹണം - എച്ച് .എം. ഗവ.എൽ.പി.എസ്.

അടങ്കൽ -19500 (വികസനഫണ്ട്)

ചെലവ്-19500 (ബിൽ നം. 1 /26.04.2019)

2108-19 വർഷം 146900/- രൂപ അടങ്കലിൽ അംഗീകാരം ലഭിച്ച പി.എസ്.സി. പരീക്ഷകൾക്കുള്ള പരിശീലന പദ്ധതിയിൽ (S0050/19) ചെലവഴിക്കാവുന്ന ആകെ തുക ഒരു വർഷക്കാലത്തേയ്ക്ക് 146900/- രൂപയാണ്. എന്നാൽ അതേവർഷം തന്നെ പ്രസ്തുത പ്രോജക്ടിൽ 152100/- രൂപ ചെലവഴിച്ചിരുന്നു. (2018-19 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ഖ. 1-18) അംഗീകൃത പ്രോജക്ടിന്റെ അടങ്കൽ തുകയിൽ നിന്നും 5200/- രൂപ അധികമായി 2018-19 ൽ തന്നെ ചെലവഴിച്ചിട്ടുണ്ട്. അടങ്കലിനേക്കാൾ അധികം തുക ചെലവഴിച്ചിട്ടും പ്രസ്തുത പ്രോജക്ട് സ്പിൽ ഓവർ ആക്കി 2019-20 ൽ പ്രോജക്ട് നം. S0085/20 ന് അംഗീകാരം ലഭ്യമാക്കുകയും പരിശീലകയ്ക്കുള്ള വേതനം നൽകിയ വകയിൽ (2019 മാർച്ച് മാസത്തെ 15 ദിവസത്തെ വേതനം@ 1300) 19500/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം 19500/- രൂപ അധികമായി ചെലവഴിച്ചത് അംഗീകരിക്കുന്നില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18 തീയതി. 14.12.2021) 18.07.2018 മുതൽ 31.08.2018 വരെയുള്ള കാലയളവിൽ 19 ദിവസത്തെ വേതനം 24700/- രൂപ സ്കൂളുകളിൽ പ്രഭാത ഭക്ഷണം എന്ന പ്രോജക്ടിൽ നിന്ന് (നം.S0054/19) തെറ്റായി പിൻവലിച്ച് പരിശീലകയുടെ അക്കൗണ്ടിലേക്ക് നൽകിയ താണെന്നും ആയതിനാൽ പി.എസ്.സി. പരീക്ഷകൾക്കുള്ള പരിശീലന പദ്ധതി എന്ന പ്രോജക്ട് പ്രകാരം അടങ്കൽ തുയായ 146900/- രൂപ (127400+19500) മാത്രമാണ് ചെലവ് വന്നിട്ടുള്ളത് എന്നും മറുപടി ലഭ്യമാക്കി. പ്രതിഫലം ഇനത്തിൽ പി.എസ്.സി. പരിശീലകയ്ക്ക് ആകെ 171600/- രൂപ നൽകിയിട്ടുണ്ട്. അതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. 2019-20 വർഷം അധികം നൽകിയ 19500/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക:/ മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 19/20 | 177046 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 177046 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 19-20 | 440000 | ലൈഫ് മിഷൻ പദ്ധതി | 440000 | 0 |
| ജില്ലാ പഞ്ചായത്ത് | 19-20 | 1500000 | ലൈഫ് മിഷൻ പദ്ധതി | 1500000 | 0 |
| ജില്ലാ | 19-20 | 100000 | അനുപൂരക | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | പോഷകാഹാരം | | |
| ജില്ലാ പഞ്ചായത്ത് | 19-20 | 177046 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 177046 | 0 |

## 4-2 ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം.S0118/20) | തുക സെക്രട്ടറിയുടെ 2019-20 വർഷത്തെ ട്രഷറി ബിൽ ബുക്ക് ഹാജരാക്കിയിട്ടില്ലാത്ത തിനാൽ ഈ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 399840 | 0 | 399840 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| Life Mission | ലഭിച്ചിട്ടില്ല. | 7030541 | 26134231 | 2294117 | | 30870655 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഈയിനത്തിൽ വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 66936709 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 63775993 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 19500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2275170 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-5 | 19500 | ഇല്ല | ഓമന, ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 904540 | ലത എൽ, സെക്രട്ടറി |
| 1-15 | 660000 | കിരൺ കെ വി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-16 | 5092 | ഡോ.തനൂജ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-17 | 125000 | കിരൺ കെ വി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-27 | 337500 | ഡോ.നാരായണപിള്ള, വെറ്ററിനറി സർജൻ |
| 1-28 | 202538 | ഡോ.ഐസക് സാം, വെറ്ററിനറി സർജൻ |
| 1-29 | 40500 | ഡോ.നാരായണപിള്ള, വെറ്ററിനറി സർജൻ |
| ആകെ | 2275170 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-20 | 8779/-(MGNREGS അക്രെഡിറ്റഡ് എൻജിനീയർ, സെക്രട്ടറി) |
| 1-21 | 7588/-(MGNREGS അക്രെഡിറ്റഡ് എൻജിനീയർ, സെക്രട്ടറി) |
| 1-22 | 17464/- (MGNREGS അക്രെഡിറ്റഡ് എൻജിനീയർ, സെക്രട്ടറി) |
| 1-24 | 1000/-സെക്രട്ടറി |
| ആകെ | 34831 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലത എൽ, സെക്രട്ടറി | സെക്രട്ടറി,ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് | വല്ലകി,കുട്ടപ്പാന,നെയ്യാറ്റിൻകര പി ഒ തിരുവന ന്തപുരം |
| ഡോ.തനൂജ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,മുതുകുളം ഗ്രാമ പഞ്ചായത്ത്. | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മുതുകുളം ഗ്രാമ പഞ്ചായത്ത്. | തൊട്ടുകയിൽ വീട്, പട്ടംതുരുത്ത്.പി.ഒ, പെരിനാട്, കൊല്ലം. |
| ഓമന, ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്. | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്., മുതുകുളം | കാർത്തിക,നങ്ങ്യാർകുളങ്ങര പി.ഒ |
| കിരൺ കെ വി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | കോലാടത്ത് വടക്കേതിൽ, തെക്കേകര പി.ഒ, മാവേലിക്കര |
| ഷഫീക്ക് എ.അസിസ്റ്റന്റ് എൻജിനീയർ | തിരുവനന്തപുരം കോർപ്പറേഷൻ,കഴക്കൂട്ടം സോണൽ ഓഫീസ് | ദാറുസുരീർ.മൈത്രി നഗർ ചക്കാലമുക്ക്,ശ്രീകാര്യം-695017 |
| ധന്യ ടി, ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ, കരുനാഗപ്പള്ളി | ചെമ്പകശ്ശേരിൽ, അഴീക്കൽ പി.ഒ, കരുനാഗപ്പള്ളി |
| ഡോ.നാരായണപിള്ള, വെറ്ററിനറി സർജൻ | വിരമിച്ചു | ശ്രീവിഹാർ, കീരിക്കാട് പി.ഒ, രാമപുരം |
| ഡോ.ഐസക്ക് സാം, വെറ്ററിനറി സർജൻ | ലഭിച്ചിട്ടില്ല | കുമ്പളത്ത്,ഏവൂർ സൗത്ത്,കീരിക്കാട് പി.ഒ |
| രാഹുൽ,അക്രഡിറ്റഡ് എഞ്ചിനീയർ, എം ജി എൻ ആർഇജിഎസ് | അക്രഡിറ്റഡ് എഞ്ചിനീയർ,എം ജി എൻ ആർ.ഇ.ജി.എസ്,മുതുകുളം | കാക്കാന്റയത്ത്,മുതുകുളം സൌത്ത് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 മുതൽ 2003-04 വരെ | എൽ.എഫ്.ജി.എ.5-1832/11, തീയതി – 31.01.2012 |
| 2005-06 | എൽ.എഫ്.ജി.എ.13-1174/13, തീയതി – |
| 2006-07 | എൽ.എഫ്.ജി.എ.13-699/10, തീയതി – 18.12.2010/31.12.2010 |
| 2007-08 | എൽ.എഫ്.പി7-607/12 തീയതി – 08.02.2012 |
| 2008-09 | എൽ.എഫ്.എ.പി4-820/12, തീയതി – 05.11.2012 |
| 2009-10 | എൽ.എഫ്.എ.പി4-1403/13, തീയതി – 21.02.2014/05.04.2014 |
| 2010-11, 2011-12, 2012-13 | എൽ.എഫ്.എ.പി4-1403/13, 21.02.2014/05.04.2014 |
| 2013-14 | കെ.എസ്.എ-എ.എൽ.പി.പി4-202/16, 15.03.2016 |
| 2014-15 | കെ.എസ്.എ-എ.എൽ.പി.പി4-760/16, 07.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി.പി4-1529/16, 31.12.2016 |
| 2016-17 | കെ.എസ്.എ-എ.എൽ.പി.പി4-865/17, 05.07.2017 |
| 2017 -18 | കെ.എസ്.എ-എ.എൽ.പി.പി4-206/19, 11.03.2019 |

| | |
|---|---|
| 2018-19 | കെ.എസ്.എ-എ.എൽ.പി.പി4-1113/19, 28.01.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്